മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 08 No. 40 THE ONLINE OFFICIAL NEWS BULLETIN 2025 October 02

SEASON OF THE HOLY CROSS | സ്ലീബാകാലം | ܥܕܢܐ ܕܨܠܝܒܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
 5 (3) 3rd Sunday after the Holy Cross Seminary Day The Orthodox Theological Seminary (Old Seminary) St. Thomas Orthodox Theological Seminary, Nagpur (STOTS)	6 (7)	 7 (3) Comme. of Martyrs St. Sargis & St. Bakos	8 (7)	9 (3)	10 (7)	11 (3)



ഇന്ത്യൻ ഫാർമസ്യൂട്ടിക്കൽ അസോസിയേഷൻ കേരള ഘടകവും, തിരുവനന്തപുരം മാർ ദിയസ്ക്കോറൊസ് ഫാർമസി കോളജും ചേർന്ന് സംയുക്തമായി ലോക ഫാർമസിസ്റ്റ് ദിനം ആചരിച്ചു. മാനേജർ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ അധ്യക്ഷത വഹിച്ചു. കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ സമ്മേളനം ഉദ്ഘാടനം ചെയ്തു.



അഖില മലങ്കര ബാല സമാജം 43-ാമത് വാർഷിക ക്യാമ്പ് പരുമല സെമിനാരിയിൽ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു. ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത, മഞ്ജു ജിസ്സൻ, ലിപിൻ പുന്നൻ, ഫാ. റിനോ കെ. മാത്യു, റോണി വർഗീസ് എബ്രഹാം, ഫാ. ഗീവർഗീസ് മാത്യു, ഫാ. ചെറിയാൻ ജേക്കബ്, തലിൻ മാത്യൂസ് ഏബ്രഹാം എന്നിവർ സമീപം.



ഹൃദയാരോഗ്യത്തിന്റെ പ്രാധാന്യം ഓർമ്മിപ്പിച്ചുകൊണ്ട് പരുമല ആശുപത്രിയിൽ ലോക ഹൃദയ ദിനാചരണം നടത്തപ്പെട്ടു. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് അധ്യക്ഷത വഹിച്ചു. ആന്റോ ആന്റണി എം.പി. ഉദ്ഘാടനം നിർവഹിച്ചു.



Sunday School Teachers One day Conference of Kannur Kasargod Region. Diocesan Metropolitan Yakob Mar Elias presided the meeting. Fr. Shajan Varghese from Kottayam Orthodox Theological Seminary took the class.



ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം ഔട്ട്സൈഡ് കേരള റീജിയന്റെ നേതൃത്വത്തിൽ നടത്തിയ നേതൃസംഗമം ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. ഡൽഹി, ബോംബെ, അഹമ്മദാബാദ്, ചെന്നൈ ഭദ്രാസനങ്ങളിൽ നിന്നുള്ള പ്രതിനിധികൾക്കായി സംഘടിപ്പിച്ച റീജണൽ ക്യാമ്പ് രാജസ്ഥാനിലെ അബു റോഡ് ജ്യോതിസ്സ് ആശ്രമത്തിൽ നടന്നു. അഹമ്മദാബാദ് ഭദ്രാസന വൈസ് പ്രസിഡണ്ട് ഫിലിപ്പോസ് റമ്പാൻ അധ്യക്ഷത വഹിച്ചു. യുവജനപ്രസ്ഥാനം കേന്ദ്ര ജനറൽ സെക്രട്ടറി ഫാ. വിജു ഏലിയാസ്, കേന്ദ്ര ട്രഷറർ രെഞ്ചു എം. ജോയ്, ഫാ. ഗീവർഗീസ് ജോർജ്, ഔട്ട്സൈഡ് കേരള റീജണൽ സെക്രട്ടറി അഡ്വ. റോബിൻ രാജു, റിജോ വർഗീസ്, ലാലു പി സ്കറിയ, റോബിൻ രാജു, യോഹന്നാൻ ജോർജ് എന്നിവർ സംസാരിച്ചു.

കണ്ടനാട് കർമ്മേൽ ദയറാ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സ്ലീബാദാസ സമൂഹത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ഇപ്പോൾ ബോംബെ ഭദ്രാസനത്തിൽ പ്രവർത്തിക്കുന്ന ഫാ. തോമസ് മ്യാലിലിനെ (മുളന്തുരുത്തി) പരിശുദ്ധ കാതോലിക്കാ ബാവാ നിയമിച്ചു.




Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1959)



8. ചൊവ്വ. അയ്യംപള്ളി. രാവിലെ കോശി കത്തനാർ വി. കുർബ്ബാന ചൊല്ലി. അനന്തരം ഡോക്ടർ ചാക്കോ ജോർജും മറ്റും വന്നു കണ്ടു. യൂലിയോസിന്റെ കല്പനയുടെ പകർപ്പു കാണിച്ചു. തൊഴുപ്പാടൻ കത്തനാരെ ഇങ്ങോട്ടു വരുത്തുന്നതിനു വടക്കേടത്തു കത്തനാരെ ഡോക്ടർ പറഞ്ഞയച്ചു. എന്നാൽ സുഖമില്ലെന്നു പറഞ്ഞു തൊഴുപ്പാടൻ കത്തനാർ വന്നില്ല. യൂലിയോസിന്റെ കല്പനയുടെ ഉറപ്പിലാണ് അയാൾ നിൽക്കുന്നതെന്ന് അറിയുന്നു. സന്ധ്യ വരെ അയാളെ പ്രതീക്ഷിച്ചിരുന്നു. വന്നില്ല. ഒടുവിൽ ഡോക്ടർ ചാക്കോ ജോർജ് നാളെ കഴിഞ്ഞ് അയാളെ പോയി കണ്ടു കാര്യങ്ങൾ പറഞ്ഞുകൊള്ളാമെന്നു പറഞ്ഞു തൃശൂർക്കു പോയി. വടക്കൻപറവൂർ പള്ളിക്കാരുടെ ഒരു അപേക്ഷ കിട്ടി. അതിൽ ഭരണഘടന അനുസരിച്ചുള്ള ഭരണം നടന്നു കാണുവാനുള്ള ആഗ്രഹം പ്രകടമാക്കിയിരുന്നു. ഇപ്പോഴുള്ള അവിടത്തെ ഭരണസമിതി 19 കൊല്ലങ്ങളായിട്ടുള്ള ഒരു മാറാ കൈസ്ഥാനം പോലെയാണെന്നും ആ പള്ളിയുടെ ഭരണഘടനപ്രകാരം മൂന്നു കൊല്ലം കഴിയുമ്പോൾ പുതിയ സമിതിയെ തെരഞ്ഞെടുക്കുന്നതിനു പകരം അതുപോലും നടപ്പിലാക്കാതെയാണു നടന്നു വരുന്നതെന്നും ആയതുകൊണ്ട് സഭാഭരണഘടന പ്രകാരം പൊതുയോഗം കൂടി ഭരണസമിതിയെ തെരഞ്ഞെടുത്തു കാണുവാൻ ആഗ്രഹിക്കുന്നു എന്നുമാണ് അപേക്ഷ.

കണ്ടനാട്ടു പള്ളിയിൽ നിന്നും മട്ടുമ്മേൽ കത്തനാരും ഐസക്കു മത്തായിയും കൂടെ ഇവിടെ വരികയും തീമോത്തിയോസ് മെത്രാച്ചന്റെ ഒരെഴുത്തു നമുക്കു തരികയും ചെയ്തു. പീലക്സിനോസ് മെത്രാൻ പിണങ്ങി നിൽക്കുന്നതുകൊണ്ടു ഭദ്രാസനത്തിലെ കാര്യങ്ങൾ നടത്തുന്നതിനു അധികാരപ്പെടുത്തിക്കൊണ്ടുള്ള നമ്മുടെ കല്പന വേണമെന്നും ആവശ്യപ്പെട്ടിരുന്നു. കണ്ടനാട്ടു പള്ളിക്കാർ ഭരണഘടനപ്രകാരം വികാരിയെ നിയമിക്കുക, പൊതുയോഗം കൂടി ഭരണസമിതിയെ തെരഞ്ഞെടുക്കുക മുതലായ കാര്യങ്ങൾ ചെയ്യുന്നതിനു വേണ്ടി മെത്രാച്ചന്മാരുടെ പേർക്കു അപേക്ഷകൾ സമർപ്പിച്ചിരുന്നു. എന്നാൽ പീലക്സിനോസ് മെത്രാൻ സഹകരിക്കാത്തതുകൊണ്ടു ഒരു കാര്യവും ചെയ്തിട്ടില്ല. അവർ ആ കാരണത്താൽ നമ്മുടെ പേർക്കു അപേക്ഷ തന്നിട്ടുണ്ട്. ആയതു മൂലവും മെത്രാച്ചന്റെ ആവശ്യപ്രകാരവും കണ്ടനാടു പള്ളിയിലെയും കണ്ടനാട് ഭദ്രാസനത്തിലുള്ള എല്ലാ പള്ളികളിലെ പൊതുവെയുള്ള എല്ലാ കാര്യങ്ങളും തീർക്കുന്നതിനു മെത്രാച്ചനെ അധികാരപ്പെടുത്തിക്കൊണ്ടു നാം കല്പന കൊടുത്തയച്ചു. ഡോക്ടർ കെ. സി. പോളിന്റെയും മറ്റും അപേക്ഷ പ്രകാരം ഉച്ചകഴിഞ്ഞു മൂന്നു മണിക്കു നാം ഡോക്ടറുടെ വീട്ടിലേക്കു പോയി. പോയ വഴി മനപ്പിള്ളി ചാപ്പലിൽ കയറി ലുത്തിനിയാ കഴിച്ചു. അനന്തരം മേക്കര ജോണിന്റെ ആഗ്രഹപ്രകാരം അയാളുടെ വീട്ടിൽ കയറി. അയാളുടെ അമ്മ 25 രൂപാ കൈമുത്തു തന്നു. നാം പ്രാർത്ഥിച്ചു. ധാരാളംപേർ ഉണ്ടായിരുന്നു. അനന്തരം ഡോക്ടറുടെ വീട്ടിൽ എത്തി പ്രാർത്ഥിച്ചു. അനന്തരം കാപ്പി കുടിച്ചു. ഡോക്ടർ ചാക്കോ ജോർജും അവിടെ ഉണ്ടായിരുന്നു. ചെറായിക്കാരൻ സേവേറിയോസ് മെത്രാച്ചന്റെ വിരോധിയായ വയസൻ പ്രമാണിയും അവിടെ വന്നു നമ്മെ കാണുകയും വർത്തമാനങ്ങൾ പറയുകയും ചെയ്തു. നാം അവിടുത്തെ കാര്യങ്ങളും കൂടെ തീർത്തിട്ടു മാത്രമേ മടങ്ങിപ്പോകാവൂ എന്നപേക്ഷിച്ചു. മെത്രാച്ചനുമായി കാര്യങ്ങൾ പറഞ്ഞവസാനിപ്പിക്കുന്നതിനു ആഗ്രഹിക്കുന്നു എന്നും നമ്മെ അറിയിച്ചു. അങ്ങനെ അവിടുത്തെ കാര്യങ്ങൾ തീരുമെന്നുണ്ടെങ്കിൽ നാം താമസിക്കാമെന്നും പറഞ്ഞു. ഡോക്ടർക്കും ബാക്കി എല്ലാവർക്കും അപ്രകാരമാണു അപേക്ഷ. നോമ്പു വീടുന്നതു വരെ നാം ഇവിടെ താമസിക്കണമെന്നാണ് ആഗ്രഹവും അപേക്ഷയും. ഡോക്ടർ നമുക്കും കൈമുത്തു കൊണ്ടുവന്നു. നാം വാങ്ങിച്ചില്ല. 5 മണി കഴിഞ്ഞു നാം തിരിച്ചു പള്ളിയിലേക്കു പോന്നു. ഈ പള്ളിയുടെ തെക്കുവശത്തുള്ള മുൻ പാത്രിയർക്കീസ് ഭാഗത്തെ ചാപ്പലും നാം സന്ദർശിച്ചു ലുത്തിനിയാ നടത്തി. അനന്തരം പള്ളിയിലെത്തി സന്ധ്യാനമസ്കാരം നടത്തി. നമസ്കാരത്തിനു ആദിമുതൽ ധാരാളം ആളുകൾ സംബന്ധിക്കുന്നുണ്ട്. ഡോക്ടർ തൃശൂർക്കു പോയി. 8 മണി കഴിഞ്ഞു പരുമല മാനേജർ കത്തനാരും കളത്ര യാക്കോബ് കത്തനാരും കൊച്ചി ഇടവകക്കാരും കൂടെ ഇവിടെയെത്തി നമ്മെ കാണുകയും തൊഴുപ്പാടൻ കത്തനാരുടെ കാര്യങ്ങൾ പറയുകയും ചെയ്തു. അയാൾക്കു യൂലിയോസിന്റെ കല്പന വന്ന കാര്യവും ചേലടി വറുഗീസ് രൂപാ കൊടുക്കാമെന്നും ആയതുകൊണ്ടു വിട്ടുകൊടുക്കണ്ടായെന്നു പറഞ്ഞതുമായ കാര്യങ്ങൾ അറിയിച്ചു. ചേലടി, പീലക്സിനോസിന്റെ കൂടെ നിന്നുകൊണ്ടു സഭയെ ദ്രോഹിക്കുകയാണ്. ആയതുകൊണ്ടു തൊഴുപ്പാടനോടു ലോഹ്യമായി ഇടപെടുന്നതുകൊണ്ടു പ്രയോജനമില്ലെന്നും ആയതിനാൽ സേവേറിയോസ് മെത്രാച്ചനെ വരുത്തി പള്ളിയിൽ പ്രവേശിച്ചു വേണ്ട കാര്യങ്ങൾ നടത്തുകയാണു നല്ലതെന്നും ആയതിനു അവരെ നാം അനുവദിക്കണമെന്നും അപേക്ഷിച്ചു. മെത്രാച്ചനെ നാളെ പോയി കണ്ടു വിവരങ്ങൾ പറഞ്ഞുകൊള്ളാമെന്നു പറഞ്ഞു അവർ പോയി. വേറെ വിശേഷമൊന്നുമില്ല.

9 ബുധൻ. അയ്യംപള്ളി. ഇന്നും രാവിലെ വി. കുർബ്ബാന ഉണ്ടായിരുന്നു. കോശി കത്തനാർ കുർബ്ബാന ചൊല്ലി. ഡോക്ടർ കെ. സി. പോൾ നമ്മെ വന്നു കണ്ടു വർത്തമാനങ്ങളൊക്കെ പറഞ്ഞു. പുത്തൻകുരിശിൽ നിന്നും മൊതാലിൽ കത്തനാർ നമ്മെ വന്നു കാണുകയും അവരുടെ പള്ളിക്കു കല്ലിടുന്ന കാര്യം ഓർപ്പിക്കുകയും ചെയ്തു. നാം തിരികെ പോകുന്ന വഴി ആ കാര്യം നിർവ്വഹിക്കാമെന്നു പറഞ്ഞു. ഇവിടുത്തെ ഇടവകക്കാർ ധാരാളംപേർ നമ്മെ വന്നു കാണുന്നുണ്ട്. എറണാകുളത്തു നിന്നും എം. ഏബ്രഹാം വക്കീൽ നമ്മെ വന്നു കണ്ടു വർത്തമാനങ്ങളൊക്കെ പറഞ്ഞു. കൊച്ചിയിലെ കാര്യം നാം അയാളോടു അന്വേഷിച്ചു. ഏതെങ്കിലുംതരത്തിൽ അതു തീർക്കാമെന്നു വിചാരിച്ചിട്ടു

ആ കത്തനാർ സമ്മതിക്കുന്നില്ലെന്നും ആയതുകൊണ്ടു മെത്രാച്ചൻ അവിടെ പ്രവേശിച്ച് കൈവശപ്പെടുത്തുന്നതാണു നല്ലതെന്നും പറയുകയുണ്ടായി. കൂടാതെ കണ്ടനാട് ഭദ്രാസനത്തിലെ മീറ്റിംഗിന്റെ കാര്യവും അവിടുത്തെ പട്ടക്കാരുടെയും മെത്രാച്ചന്റെയും അപേക്ഷയുടെ കാര്യങ്ങളും നാം വക്കീലിനോടു പറഞ്ഞു. പീലക്സിനോസ് മൂലം ഉണ്ടാകുന്ന കുഴപ്പങ്ങളുടെ കാര്യവും നാം പറഞ്ഞു. മാനേജിംഗ് കമ്മിറ്റിയും സുന്നഹദോസും കൂടി തീരുമാനം ചെയ്യണമെന്നും കമ്മിറ്റി കൂടുന്നതിനു മുമ്പായി എല്ലാ അംഗങ്ങളും തലേ ദിവസം വന്നിട്ടു താമസിച്ച് പിറ്റേന്നു വി. കുർബ്ബാനയും കഴിഞ്ഞു കൂടി കാര്യങ്ങൾ ആലോചിച്ചാൽ ദൈവിക നടത്തിപ്പുണ്ടാകുമെന്നും അങ്ങനെ ഒരു പതിവ് ആരംഭിച്ചാൽ അതു തുടർന്നു കൊണ്ടുപോവാമെന്നും പറഞ്ഞു. കൊച്ചിയിൽ നിന്നും ഇടവകക്കാർ രണ്ടു മൂന്നു പേർ ഇവിടെ വന്നു നമ്മെ കാണുകയും കളത്ര കത്തനാരും മാനേജർ കത്തനാരും കൂടെ കരിങ്ങാച്ചിറയ്ക്കു പോയി വിവരം മെത്രാച്ചനോടു പറഞ്ഞെന്നും അദ്ദേഹം ഇവിടെ വന്നു നമ്മേ കണ്ടു ആലോചിച്ച ശേഷം വേണ്ടതുപോലെ പ്രവർത്തിക്കാമെന്നു പറഞ്ഞതായും പറഞ്ഞു. അനന്തരം വക്കീലും കൊച്ചിക്കാരും തിരികെ പോയി. വടക്കേടത്തു തോമസു കത്തനാർ മലബാറിനു വേണ്ടിയുള്ള പണപ്പിരിവിനായി പോയി.

മലബാറിൽ കുറ്റിപാലയ്ക്കൽ യോഹന്നാൻ കത്തനാർ മൂലം ഉണ്ടായിക്കൊണ്ടിരിക്കുന്ന വഴക്കുകൾ ഇല്ലാതാക്കുന്നതിനു വേണ്ട കാര്യങ്ങൾ ചെയ്യുന്നതിനു വടക്കേടത്തു കത്തനാരെ നാം ചുമതലപ്പെടുത്തിയുള്ള കല്പന നാം കൊടുത്തു. പള്ളിച്ചിറ കത്തനാരെ പള്ളിയിൽ ബലമായി പ്രവേശിപ്പിച്ചു കുഴപ്പങ്ങൾ സൃഷ്ടിക്കുന്നതായി അറിയുകയും അയാൾ നമ്മുടെ ആളല്ലെന്നും ഒരു പട്ടക്കാരനേ അല്ലെന്നും ഉള്ള കല്പന നാം വട്ടമറ്റത്തിൽ കത്തനാരുടെ പേർക്ക് അയച്ചു കൊടുക്കുകയും ചെയ്തു. വേറെ വിശേഷമൊന്നുമില്ല. നാളെ ബഹനാം സഹദായുടെ ഓർമ്മയാണ്.

10 വ്യാഴം. അയ്യംപള്ളി. മാർ ബഹനാം സഹദായുടെ ഓർമ്മ. നമ്മുടെ പി. വി. കോശി കത്തനാർ നമ്മുടെ ആജ്ഞപ്രകാരം ഇവിടെ വി. കുർബ്ബാന അർപ്പിച്ചു. ഇടവകക്കാർ ധാരാളംപേർ നമ്മെ വന്നു കണ്ടു വർത്തമാനങ്ങൾ പറഞ്ഞു. ഡോക്ടർ കെ. സി. പോളും നമ്മെ വന്നു കണ്ടു. വടക്കൻപറവൂർ പള്ളിയിൽ നിന്നും എ. വി. മാത്യു വക്കീലും എം. പി. ചാക്കോയും കൂടെ ഇവിടെ വന്നു നമ്മെ കാണുകയും വടക്കൻപറവൂർ പള്ളിയിലെ കാര്യങ്ങൾ പറയുകയും ചെയ്തു. അതായത് 19 കൊല്ലങ്ങളായിട്ടു അവിടെ ഭരണസമിതി മാറാതെ കഴിയുന്നെന്നും ആയതുകൊണ്ടു സഭാ ഭരണഘടന നടപ്പിൽ വരുത്തി കിട്ടിയാൽക്കൊള്ളാമെന്ന് ആഗ്രഹമുണ്ടെന്നും നാം അതിനു വേണ്ട കാര്യങ്ങൾ എത്രയും പെട്ടെന്നു ചെയ്തുകൊടുക്കണമെന്നും അറിയിച്ചു. അവരുടെ അഭിപ്രായം രേഖപ്പെടുത്തി തരണമെന്നു നാം പറഞ്ഞു. രേഖപ്പെടുത്തി ഒപ്പിടുവിച്ചു കൊണ്ടിരിക്കുന്നു എന്നും ഉടനെതന്നെ നമ്മുടെ മുമ്പാകെ കൊണ്ടുവന്നു സമർപ്പിക്കാമെന്നും അതിനു മുമ്പായി വിവരം നമ്മെ അറിയിച്ചെന്നേയുള്ളു വെന്നും പറഞ്ഞു. വേറെ വിശേഷമൊന്നുമില്ല.

11 വെള്ളി. അയ്യംപള്ളി. രാവിലെ തൃശൂർ നിന്നും ഡോ. ചാക്കോ ജോർജ് വന്നു നമ്മെ കാണുകയും വർത്തമാനങ്ങൾ പറയുകയും ചെയ്തു. ചെറായിയിലെ കാര്യങ്ങൾ തീരുമെന്നുള്ള പ്രതീക്ഷയുണ്ടെന്നും സേവേറിയോസ് മെത്രാച്ചൻ ഇന്നലെ ചെറായിയിൽ എത്തിയിട്ടുണ്ടെന്നും പറഞ്ഞു. എന്നാൽ മെത്രാച്ചനോടു വിരോധമുള്ള കുരാമ്പറമ്പിലെ മൂപ്പീന്നിനെ ചേലടിയും പീലക്സിനോസിന്റെ ആളുകളും കൂടി കാണുകയും അന്ത്യോഖ്യൻ മൂവ്മെന്റിന്റെ പേരിൽ ഒരു ചാപ്പൽ ചെറായിയിൽ വയ്പിക്കുന്നതിനു ഉത്സാഹിപ്പിക്കുകയും ചെയ്തെന്നും അയാൾ അതിനു വഴിപ്പെട്ടില്ലെന്നും ഡോക്ടർ നമ്മെ അറിയിച്ചു. ഉച്ചയ്ക്കു മുമ്പായി സേവേറിയോസ് മെത്രാച്ചൻ ഇവിടെ വന്നു നമ്മെ കാണുകയും ചെറായിയിലെ കാര്യങ്ങൾ പറഞ്ഞു തീർക്കുന്നതിനു വേണ്ടി ചെറായിയിലും എറണാകുളത്തും പോയി ആളുകളെ കാണുകയും കാര്യങ്ങൾ ആലോചിക്കുകയും ചെയ്തു എന്നു പറഞ്ഞു. അദ്ദേഹം രണ്ടുമൂന്നു ദിവസമായി ചെറായിയിൽ വന്ന് ആലോചിക്കുന്നുണ്ടെന്നും പറഞ്ഞു. ഉച്ചകഴിഞ്ഞു മെത്രാച്ചനും ഡോക്ടർ ജോർജും കൂടെ ചെറായിക്കു പോകാമെന്നും പറഞ്ഞു.

മനപ്പള്ളി ചാപ്പലുകാരുടെ അപേക്ഷപ്രകാരം നാളെ കഴിഞ്ഞു മനപ്പള്ളി ചാപ്പലിൽ നാം വി. കുർബ്ബാന അർപ്പിക്കുന്നതിനും സേവേറിയോസ് മെത്രാച്ചൻ ഇവിടെ കുർബ്ബാന ചൊല്ലാമെന്നും സമ്മതിച്ചു. 4 മണി കഴിഞ്ഞു സേവേറിയോസ് മെത്രാച്ചനും ഡോക്ടർ ചാക്കോ ജോർജും കൂടെ ചെറായിക്കു പോയി. സന്ധ്യ കഴിഞ്ഞു അവർ തിരിച്ചു വന്നു വർത്തമാനങ്ങളെല്ലാം പറഞ്ഞു. കുരാമ്പറമ്പിലെ മൂപ്പീന്നും മെത്രാച്ചനുമായുണ്ടായിരുന്ന വഴക്കുകൾ പറഞ്ഞു തീർത്തെന്നും ആ കാര്യത്തിൽ വളരെ സന്തോഷമുണ്ടെന്നും മെത്രാച്ചൻ പറഞ്ഞു. എന്നാൽ ചെറായിലെ കാര്യങ്ങൾ മുഴുവൻ ഉടനെ തീരുന്ന കാര്യം പ്രയാസമാണെന്നും അതിനെപ്പറ്റി വലിയ ആശയില്ലെന്നും പറഞ്ഞു. കാരണം പീലക്സിനോസ് മെത്രാച്ചന്റെ ജ്യേഷ്ഠനും ചേലടിയും മറ്റുമാണ് ഇനിയുള്ള വാദികളെന്നും അവർ മനസു വെച്ചെങ്കിലേ കാര്യങ്ങൾ തീരുകയുള്ളു എന്നും പറഞ്ഞു. അങ്ങനെയെങ്കിൽ നാം അത്രത്തോളം താമസിക്കാൻ നിവൃത്തിയില്ലെന്നും ആയതുകൊണ്ടു തിങ്കളാഴ്ച ഇവിടെ നിന്നും എറണാകുളത്തെത്തി ഉച്ചകഴിഞ്ഞു കോലഞ്ചേരി പള്ളിയിലേക്കു പോയി താമസിക്കുകയും അവിടെ നിന്നും 16-നു ബുധനാഴ്ച പുത്തൻകുരിശിലെത്തി കല്ലിടീൽ നടത്താമെന്നും തീരുമാനിച്ച് അവരെയെല്ലാം വിവരം ധരിപ്പിക്കണമെന്നും തീരുമാനിച്ചു. ദീവന്നാസ്യോസ് മെത്രാച്ചൻ ഞായറാഴ്ച തൃശൂരിൽ വരുന്നുണ്ടെന്നും കൊച്ചിയിലെ കാര്യത്തെപ്പറ്റി മെത്രാച്ചനുമായി ആലോചിച്ച് വേണ്ടതു പ്രവർത്തിച്ചുകൊള്ളാമെന്നും ഡോക്ടർ പറഞ്ഞു. അനന്തരം ഡോക്ടർ യാത്ര ചോദിച്ചു തൃശൂർക്കു പോയി. സേവേറിയോസ് മെത്രാച്ചൻ ഇവിടെ താമസിക്കുന്നു. മേൽപാടത്തു നിരണത്തെ പുരയ്ക്കലെ മത്തായി കത്തനാരുടെ അപ്പന്റെ ജ്യേഷ്ഠൻ പരുമല മാനേജർ കത്തനാരുടെ ഒരു എഴുത്തുംകൊണ്ടു ഇവിടെ വന്നു നമ്മെ കാണുകയും നിരണത്ത് വെങ്ങാഴിയിൽകാരുടെ അടുത്ത് ചേപ്പാട്ടു പുളിമൂട്ടിൽകാരുടെ ഒരു നിലം വിൽക്കാൻ ഉണ്ടെന്നും ആയതു നമുക്കു വാങ്ങിച്ചാൽ നല്ലതാണെന്നും അയാൾ എഴുതിയിരുന്നു. കൂടാതെ വിവരങ്ങളെല്ലാം ആ മനുഷ്യൻ നമ്മോടു പറയുകയും ചെയ്തു. അതനുസരിച്ചു അതിനെപ്പറ്റി വേണ്ടവണ്ണം ആലോചിച്ചു വിവരം നമ്മെ അറിയിക്കണമെന്നു നാം എഴുത്തു കൊടുത്തയച്ചു. കൂടാതെ നേന്ത്രവേലി നിലത്തിന്റെ പാട്ടം തരാതെ കറുകയിൽക്കാർ ബുദ്ധിമുട്ടിപ്പിക്കുന്നതുകൊണ്ടു അവരുടെ പേരിൽ ഒരു രജിസ്റ്റർ നോട്ടീസ് വക്കീലന്മാരോടു ആലോചിച്ച് കൊടുക്കുന്നതിനു അധികാരപ്പെടുത്തിക്കൊണ്ടു പഴയസിമ്മനാരി മാനേജരുടെ പേർക്കും നാം ഒരു എഴുത്തു കൊടുത്തയച്ചു. വേറെ വിശേഷമൊന്നുമില്ല.

12 ശനി. അയ്യംപള്ളി. ഇന്നു രാവിലെ ഒരു കുർബ്ബാന ഉണ്ടായിരുന്നു. കോശി കത്തനാർ ചൊല്ലി. ഡോ. കെ. സി. പോൾ നമ്മെ വന്നു കണ്ടു വർത്തമാനങ്ങൾ പറഞ്ഞു. ഇടവകക്കാർ ധാരാളംപേർ നമ്മെ വന്നു കാണുകയുണ്ടായി. ചെറായിക്കാരൻ എം. കെ. വറുഗീസ് വക്കീൽ ഇവിടെ വന്നു നമ്മെ കണ്ടു വർത്തമാനങ്ങൾ പറഞ്ഞു. പുത്തൻകുരിശിൽ നിന്നും ഒരാൾ ഇവിടെ വരികയും നാം ചെല്ലുന്ന വിവരം അന്വേഷിക്കുകയും ചെയ്തു. നമ്മുടെ പരിപാടികൾ പറഞ്ഞു. 11-ാം തീയതി അവരുടെ കല്ലിടീൽ നടത്തിക്കൊടുക്കാമെന്നു പറഞ്ഞയച്ചു. കളത്ര യാക്കോബ് കത്തനാർ ഇവിടെ വന്നു നമ്മെ കാണുകയും വർത്തമാനങ്ങളൊക്കെ പറയുകയും ചെയ്തു. കൊച്ചിയിലെ കാര്യത്തെക്കുറിച്ചും പറയുകയുണ്ടായി. കൂടാതെ ഈ മാസം 16-നു സഭാസമാധാനത്തിന്റെ പ്രഥമ വാർഷികം ആണെന്നും ആയതുകൊണ്ടു നമ്മുടെ ഒരു കല്പന പത്രങ്ങളിൽ ഇട്ടു കാണുവാൻ ആഗ്രഹമാണെന്നും കോട്ടയത്തുള്ള നേതാക്കന്മാർ അയാളോടു പറഞ്ഞതായും കളത്ര കത്തനാർ നമ്മെ അറിയിച്ചു. അതനുസരിച്ചു നാം ഒരു കല്പന എഴുതി കൊടുത്തയച്ചു. ഡോക്ടർ കെ. സി. പോളിന്റെ സഹോദരീപുത്രൻ വക്കീൽ എറണാകുളത്തു നിന്നും ഇവിടെ വന്നു നമ്മെ കാണുകയും വർത്തമാനങ്ങളൊക്കെ പറയുകയും ചെയ്തു. കൂടാതെ പീലക്സിനോസ് മെത്രാച്ചൻ നമ്മെ ഒന്നു വന്നു കാണത്തക്കവണ്ണം അയാൾ പറഞ്ഞിട്ടുണ്ടെന്നും നാം അതിനു അനുവദിക്കണമെന്നും അപേക്ഷിച്ചു. എറണാകുളത്തു നാം വരുമ്പോൾ വന്നു കണ്ടുകൊള്ളട്ടെ എന്നു നാം പറഞ്ഞു. അനന്തരം അയാൾ പോയി. നമ്മുടെ കൂട്ടത്തിൽപ്പെട്ട ഒരു (മാടപ്പറമ്പിലെ) സഹോദരി ചെറായിലുണ്ട്. നമ്മെ കാണുവാൻ അവർക്കു ആഗ്രഹമുണ്ടെന്നും എന്നാൽ അവശതയായി കിടപ്പായതുകൊണ്ടു നിവൃത്തിയില്ലെന്നും സേവേറിയോസ് മെത്രാച്ചനോടു പറഞ്ഞെന്നും മെത്രാച്ചൻ നമ്മെ അറിയിച്ചു. കൂടാതെ അവളുടെ മകന്റെ മകളുടെ ഭർത്താവ് വന്നു നമ്മെ കണ്ടു ഈ വിവരം പറയുകയും നാം ഞായറാഴ്ച ഉച്ചകഴിഞ്ഞു അങ്ങോട്ടു ചെല്ലാമെന്നു പറഞ്ഞയയ്ക്കുകയും ചെയ്തു. വേറെ വിശേഷമൊന്നുമില്ല. നാളെ നാം മനപ്പിള്ളി ചാപ്പലിൽ വി. കുർബ്ബാന ചൊല്ലാമെന്നുദ്ദേശിക്കുന്നു. മെത്രാച്ചൻ ഇവിടെയും ചൊല്ലുവാനാണ് ഉദ്ദേശിക്കുന്നത്.

13 ഞായർ. അയ്യംപള്ളി. രാവിലെ നാം മനപ്പള്ളി ചാപ്പലിലേക്കു പോയി. അവിടെ വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ പ്രസംഗിച്ചു. നാം നാളെ ഇവിടെ നിന്നും പോകുകയാണെന്നുള്ള കാര്യം പറയുകയും ചെയ്തു

ആശീർവദിച്ചു. കുർബ്ബാന കഴിഞ്ഞു നാം അയ്യമ്പള്ളി പള്ളിയിലെത്തി കാപ്പി കുടിച്ചു. കൊച്ചിയിലെ കോട്ടയിലെ പള്ളിയിൽ യൂലിയോസ് മെത്രാൻ ഇന്നു കുർബ്ബാന ചൊല്ലിയെന്നു അറിഞ്ഞു. തൊഴുപ്പാടൻ തോമ്മസു കത്തനാർ നമ്മോടു പറഞ്ഞിട്ടു പോയതുപോലെയല്ല അയാൾ പ്രവർത്തിച്ചതെന്നു മനസ്സിലായി. ഇവിടുത്തെ ആളുകൾ ധാരാളംപേർ നമ്മെ വന്നു കാണുകയുണ്ടായി. തൊഴുപ്പാടൻ കത്തനാരുടെ വഞ്ചനയെപ്പറ്റി സേവേറിയോസ് മെത്രാച്ചൻ പറയുകയുണ്ടായി. ഉച്ചകഴിഞ്ഞു മാടപ്പറമ്പിലെ പെങ്ങളുടെ മകന്റെ മരുമകൻ നമ്മെ വന്നു കണ്ടു നാം അങ്ങോട്ടു ചെല്ലുന്ന കാര്യം ഓർപ്പിച്ചു. നാം അവിടെ പോയി പെങ്ങളെ കണ്ടു വർത്തമാനങ്ങളൊക്കെ ചോദിച്ചു. നിൽക്കുവാനോ നടക്കുവാനോ സാദ്ധ്യമല്ലാതെ കിടപ്പാണ്. ഡോക്ടർ പൗലോസിന്റെ അപ്പന്റെ അമ്മയാണ്. നമ്മുടെ പ്രായത്തോടടുത്തുള്ള പ്രായവുമുണ്ട്. അനന്തരം നാം പ്രാർത്ഥിച്ചു. തലയിൽ കൈവച്ചു. അതിനുശേഷം കാപ്പി കഴിഞ്ഞ് തിരിച്ചു പള്ളിയിൽ എത്തി വിശ്രമിച്ചു. ഡോക്ടർ പോളും നമ്മോടുകൂടെ മാടപ്പറമ്പിലേക്കു പോന്നിരുന്നു. നാളെ നമ്മെ എറണാകുളത്തേക്കു കൊണ്ടുപോകുന്നതിനു വേണ്ടി ഒരു ബോട്ട് ഇടപാടു ചെയ്യുവാൻ ഡോക്ടർ പോയി. നാളെ എറണാകുളത്തു എത്തിയിട്ടു ഉച്ചകഴിഞ്ഞ് അവിടെ നിന്നും തൃപ്പൂണിത്തുറ പെങ്ങളുടെ വീട്ടിലും അനന്തരം കോലഞ്ചേരിപ്പള്ളിയിൽ എത്തി താമസിക്കണമെന്നും ഉദ്ദേശിക്കുന്നു. വേറെ വിശേഷമൊന്നുമില്ല. നാളെ 10 മണി കഴിഞ്ഞു ബോട്ട് വരുമെന്നും ഉച്ചയ്ക്കു മുമ്പായി എറണാകുളത്തെത്താമെന്നും ഡോക്ടർ പറഞ്ഞു.

14 തിങ്കൾ. ഇന്നു രാവിലെ കോശി കത്തനാർ അയ്യംപള്ളി പള്ളിയിൽ കുർബ്ബാന ചൊല്ലി. രാവിലെ തന്നെ ഇടവകയിലെ ആളുകൾ ധാരാളംപേർ നമ്മെ യാത്രയയ്ക്കുന്നതിനായി വന്നു കൂടി. 10 മണി കഴിഞ്ഞു പള്ളിയിലെത്തി ലുത്തിനിയ നടത്തി. മെത്രാച്ചനും ഉണ്ടായിരുന്നു. അനന്തരം നാമും മെത്രാച്ചനും പട്ടക്കാരും ജനങ്ങളും ചേർന്നുള്ള ഒരു ഗ്രൂപ്പ് ഫോട്ടോയും എടുക്കുകയുണ്ടായി. അനന്തരം നാം യാത്ര പറഞ്ഞു എല്ലാവരെയും ആശീർവദിച്ചു. എല്ലാവരുംകൂടെ നമ്മെ യാത്രയയച്ചു. മെത്രാച്ചൻ ഇന്നുതന്നെ കൊരട്ടിക്കു പോകുമെന്നു പറഞ്ഞു. പള്ളിയിൽ നിന്നു നമുക്കു 301 രൂപ കൈമുത്തു തന്നു. മനപ്പിള്ളി ജട്ടിയിലെത്തി സ്പെഷ്യൽ ബോട്ടിലാണ് നമ്മെ യാത്രയാക്കിയത്. ജട്ടിയിലും ധാരാളം ആളുകൾ കൂടിവന്നിരുന്നു. നമ്മെ യാത്രയയച്ചു ഡോ. പോളും മേക്കര ജോണും ജ്യേഷ്ഠനും നമ്മോടുകൂടെ എറണാകുളത്തിനു പോന്നു. രാവിലെ മുളന്തുരുത്തിയിൽ നിന്നു മണലിൽ യാക്കോബ് കത്തനാർ അയ്യംപള്ളിയിലെത്തി നമ്മെ കാണുകയും വർത്തമാനങ്ങളൊക്കെ പറയുകയും ചെയ്തു. അയാളും നമ്മോടുകൂടെ ബോട്ടിൽ എറണാകുളത്തിനു വന്നു. 12 മണി കഴിഞ്ഞ് എറണാകുളത്തു നമ്മുടെ പള്ളിയിലെത്തി ലുത്തിനിയാ നടത്തി. പള്ളിയിൽ വിശ്രമിച്ചു. മുരിയക്കൽ കത്തനാർ അവിടെ ഉണ്ടായിരുന്നു. കോനാട്ട് അബ്രഹാം കത്തനാർ അവിടെ വന്നു കണ്ടു വർത്തമാനങ്ങൾ പറഞ്ഞു. ചെറായിക്കാരൻ എം. കെ. വറുഗീസും മറ്റും നമ്മെ വന്നു കണ്ടു. തിരുവല്ലാ പുരയ്ക്കലെ ചാക്കോച്ചന്റെ മകൻ അനിയനും ജട്ടിയിൽ വന്നിരുന്നു. മണലിൽ യാക്കോബ് കത്തനാർ പോയി. ഡോക്ടർ പോളിന്റെ അനന്തിരവൻ പൗലോസ് വക്കീൽ നമ്മെ വന്നു കാണുകയും ചെറായിക്കാര്യം തീരത്തക്ക വണ്ണം ആലോചനയുണ്ടെന്നും ആ വിവരം ഡോക്ടർ ചാക്കോ ജോർജിനോടു പറഞ്ഞപ്പോൾ അയാൾ നമ്മെ വന്നു കണ്ടു പറഞ്ഞതിന്റെ ശേഷം നിശ്ചയിക്കണമെന്നു പറഞ്ഞതായും നമ്മെ അറിയിച്ചു. ഡോക്ടർ കെ. സി. പോളും ജോണും മറ്റും തിരിച്ചുപോയി. കോലഞ്ചേരിയിൽ നിന്നും ചാക്കോപ്പിള്ള എറണാകുളത്തു വന്നു നമ്മെ കണ്ടു. നാലു മണിയോടുകൂടി നാം കോലഞ്ചേരിക്കു യാത്ര തിരിച്ചു. വന്ന വഴി മനയിടെ പെങ്ങളുടെ വീട്ടിൽ കയറി എല്ലാവരെയും കണ്ടു. അനന്തരം കോലഞ്ചേരിക്കു പോയി. ചാക്കോപ്പിള്ളയും കാറിൽ നമ്മെ അനുഗമിച്ചിരുന്നു. അഞ്ചര മണിക്കു കോലഞ്ചേരി പള്ളിയിലെത്തി. വികാരി വാലേൽ ഏലിയാസ് കത്തനാരും താമരച്ചാലിൽ കത്തനാരും നമ്മെ സ്വീകരിച്ചു. പള്ളിയിൽ കയറി ലുത്തിനിയാ നടത്തി അനന്തരം അവിടെ വിശ്രമിച്ചു. മലബാർ ജനറൽ വികാരി വടക്കേടത്തു തോമ്മസു കത്തനാരും പണപ്പിരിവിനായി അവിടെ ഉണ്ടായിരുന്നു. ഇന്നും നാളെയും കൂടെ കോലഞ്ചേരിയിൽ താമസിച്ചിട്ടു ബുധനാഴ്ച പുത്തൻകുരിശിലെത്തി പള്ളിക്കു കല്ലിടീൽ നടത്തണമെന്നുദ്ദേശിക്കുന്നു. പുത്തൻകുരിശിൽ നിന്നും മൊതാലിൽ കത്തനാരും തോമ്മസു കത്തനാരും കൂടെ നമ്മെ കോലഞ്ചേരിയിൽ വന്നു കണ്ടു വർത്തമാനങ്ങൾ പറഞ്ഞു. ബുധനാഴ്ച രാവിലെയാണ് നാം അവിടെ എത്തേണ്ടതെന്നും തീമോത്തിയോസ് മെത്രാച്ചൻ നാളെ ഉച്ചകഴിഞ്ഞു ഇവിടെ വരുമെന്നും അദ്ദേഹവും പുത്തൻകുരിശിൽ ഉണ്ടായിരിക്കുമെന്നും പറയുകയുണ്ടായി. അനന്തരം അവർ പോയി. വേറെ വിശേഷമൊന്നുമില്ല.

ഉച്ചകഴിഞ്ഞു മണലിൽ യാക്കോബ് കത്തനാരും മാനേജർ യാക്കോബ് കത്തനാരും ചെറിയാൻ വക്കീലും എറികാട്ടു ബേബിയും ഉപ്പൂട്ടിൽ കുഞ്ഞച്ചനും മറ്റും വരികയും മാനേജിംഗ് കമ്മിറ്റിയിലേക്കു നാം നോമിനേറ്റു ചെയ്യേണ്ടവരുടെ പേരുകൾ ആലോചിച്ചു പറയുകയും ചെയ്തു. 18 പേരെയാണു നാം നോമിനേറ്റു ചെയ്യേണ്ടത്. 18 പേരുടെ പേരുകൾ അവർ നമ്മോടുകൂടെ ആലോചിച്ചു പറഞ്ഞു.

15 ചൊവ്വ. കോലഞ്ചേരി. കോട്ടയത്തു നിന്നും പഴയസെമിനാരി മാനേജർ യാക്കോബ് കത്തനാരും വി. ജെ. ഗബ്രിയേൽ കത്തനാരും മാളിയേക്കൽ കുട്ടിയപ്പനും കൂടെ ഇവിടെ വന്നു നമ്മെ കാണുകയും വർത്തമാനങ്ങളൊക്കെ പറയുകയും ചെയ്തു. കുട്ടിയപ്പന്റെ അനുജന്റെ കല്യാണം ഈ മാസം 27-നു ഞായറാഴ്ച ചെറിയപള്ളിയിൽ നാം നടത്തിക്കൊടുക്കണമെന്നും കുട്ടിയപ്പൻ അപേക്ഷിച്ചു. നാം സമ്മതിച്ചു. അനന്തരം നമ്മുടെ യാത്രാവിവരങ്ങളെല്ലാം അറിഞ്ഞുകൊണ്ട് അവർ കോട്ടയത്തിനു പോയി. പരുമല നിന്നും മാനേജർ മാത്യൂസ് കത്തനാരും ചേപ്പാട്ടു പുളിമൂട്ടിൽ ഉണ്ണൂണ്ണിയും മേല്പാടത്തു നിരണത്തെ പുരയ്ക്കലെ കുട്ടിയും കൂടെ കോലഞ്ചേരിയിലെത്തി നമ്മെ കാണുകയും ഉണ്ണൂണ്ണിയുടെ നിലത്തിന്റെ കാര്യം പറയുകയും ചെയ്തു. ഈ ആഴ്ച തന്നെ കൃഷി ചെയ്തില്ലെങ്കിൽ ഒക്കുകയില്ലെന്നും ആയതുകൊണ്ടു വാങ്ങിക്കുന്നെങ്കിൽ വാങ്ങിക്കണമെന്നും മാനേജർ കത്തനാർ പറഞ്ഞു.

അതിന്റെ വിശദവിവരങ്ങളെല്ലാം അവർ നമ്മെ അറിയിച്ചു. അതിന്റെ ആധാരങ്ങളും റിക്കാർഡുകളുമെല്ലാം പരിശോധിച്ചു ചെറിയാൻ വക്കീലുമായി ആലോചിച്ചു വേണ്ടപോലെ ചെയ്യാൻ പഴയസെമിനാരി മാനേജർ യാക്കോബ് കത്തനാരുടെ പേർക്കു നാം എഴുത്തു കൊടുത്തയച്ചു.ഉച്ച കഴിഞ്ഞു പുത്തൻകുരിശിലേക്കു പോകുന്നതിനായി തീമോത്തിയോസ് മെത്രാച്ചൻ കോലഞ്ചേരിയിൽ വന്നു. നമ്മെ കണ്ടു വർത്തമാനങ്ങൾ പറഞ്ഞു. മൊതാലിൽ കത്തനാരും മറ്റും വന്നു കാണുകയും നാളത്തെ വിവരങ്ങൾ പറയുകയും രാവിലെ നാം അവിടെ ചെല്ലണമെന്നു അറിയിച്ച് തീമോത്തിയോസു മെത്രാച്ചനെയും കൊണ്ടു അവർ പുത്തൻകുരിശിലേക്കു പോയി. നമുക്കു പ്രയാസമായതുകൊണ്ടു മെത്രാച്ചൻ നാളെ കുർബ്ബാന ചൊല്ലണമെന്നും നാം പറഞ്ഞയച്ചു. ഇടവകക്കാർ പലരും നമ്മെ വന്നു കണ്ടു. കുന്നക്കുരുടിയിൽ നിന്നും നാരകത്തു പൗലോസ് കത്തനാരും വേറെ ഒരാളും കൂടെ നമ്മെ വന്നു കാണുകയും അവിടത്തെ വഴക്കും കാര്യങ്ങളും തീർക്കുന്നതിൽ ഗ്രീഗോറിയോസു മെത്രാച്ചൻ യാതൊരു ഉത്സാഹവും കാണിക്കുന്നില്ലെന്നും നമ്മുടെ കക്ഷിക്കാരാരും അവിടെ കയറിക്കൂടാ എന്നുള്ള injunction ഉത്തരവു മൂലം അവർ വളരെ വിഷമിക്കുന്നുണ്ടെന്നും മറ്റും നമ്മെ അറിയിച്ചു. കൂടാതെ കഴിഞ്ഞ തിങ്കളാഴ്ച (ഈ നോമ്പിൽ) ഗ്രീഗോറിയോസു മെത്രാച്ചന്റെ അനുവാദത്തോടു കൂടി അദ്ദേഹത്തിന്റെ ഭദ്രാസനത്തിൽ നടന്നിട്ടുണ്ടെന്നും പറഞ്ഞു. പ. നോമ്പിൽ വിരോധമായിട്ടുള്ള ഈവിധ പ്രവൃത്തിയിൽ നമുക്കു പ്രയാസമുണ്ട്. അവരുടെ കാര്യങ്ങൾ തീർക്കുന്നതിനു മെത്രാന്മാരെ അയക്കാമെന്നു നാം പൗലോസ് കത്തനാരോടും മറ്റും പറഞ്ഞയച്ചു. നാളെ പുത്തൻകുരിശിൽ നിന്നു കോട്ടയത്തിനു പോകാൻ നാം ഉദ്ദേശിക്കുന്നു. വേറെ വിശേഷമൊന്നുമില്ല.

16 ബുധൻ. രാവിലെ നമസ്കാരം കഴിഞ്ഞു ഏഴു മണിക്കു ശേഷം പള്ളിയിൽ ലുത്തിനിയാ നടത്തി. അനന്തരം കോലഞ്ചേരിയിൽ നിന്നും നാം പുത്തൻകുരിശിലേക്കു പുറപ്പെട്ടു. ചാക്കോപ്പിള്ള, ട്രസ്റ്റി നെച്ചൂപ്പാടൻ തോമ്മസ്, വാലേൽ കത്തനാർ എന്നിവരും നമ്മോടുകൂടെ പുത്തൻകുരിശിലേക്കു വന്നു. 8 മണിക്കു പുത്തൻകുരിശു സെന്റ് പീറ്റേഴ്സ് പള്ളിയിലെത്തി. വികാരിമാരും ജനങ്ങളും കൂടെ നമ്മെ സ്വീകരിച്ച് പള്ളിയകത്തേക്ക് ആനയിച്ചു. തീമോത്തിയോസ് മെത്രാച്ചൻ വി. കുർബ്ബാന ചൊല്ലി. കുർബ്ബാനമദ്ധ്യേ നാം ത്രോണോസിന്റെ കല്ലിടീൽ നടത്തി. അനന്തരം പ്രസംഗിച്ചു. ഇന്ന് സഭാസമാധാനത്തിന്റെ പ്രഥമ വാർഷികമാണ്. സമാധാനത്തിന്റെ ദിവസമായ ഇന്ന് കല്ലിടീൽ നടത്തത്തക്കവണ്ണം ഭാഗ്യം ലഭിച്ചതിനു അവർക്കു നാം അനുഗ്രഹം കൊടുത്തു. കുർബ്ബാന കഴിഞ്ഞു കുറിയാക്കോസ് സഹദായുടെ തിരുശേഷിപ്പിങ്കൽ ധൂപപ്രാർത്ഥന നടത്തിക്കഴിഞ്ഞു മുറിയിലെത്തി കാപ്പി കുടിച്ചു. ഒരു നല്ല ആൾക്കൂട്ടം ഉണ്ടായിരുന്നു.

മുളന്തുരുത്തിയിൽ നിന്നും മ്യാലിൽ മാത്തു വാദ്ധ്യാരും വേറെ രണ്ടു മൂന്നു പേരും കൂടി നമ്മെ പുത്തൻകുരിശിൽ വന്നു കാണുകയും നാം മുളന്തുരുത്തിയിലേക്കു ചെല്ലണമെന്ന് നിർബന്ധമായി അപേക്ഷിക്കുകയും ചെയ്തു. അവരുടെ അപേക്ഷ മൂലം നാം ഇന്നു കർമ്മേൽ ദയറായിലെത്തി താമസിച്ചിട്ട് ശനിയാഴ്ച മുളന്തുരുത്തിക്കു ചെല്ലാമെന്ന് സമ്മതിച്ചു. ഉച്ച കഴിഞ്ഞു പള്ളിയിൽ ലുത്തിനിയായ്ക്കു ശേഷം നാം മുളന്തുരുത്തിയിലേക്കു പുറപ്പെട്ടു. എന്നാൽ മനയിട നിന്നും ബേബി വന്നു കണ്ടു പറഞ്ഞതനുസരിച്ചു പോയ വഴി നാം മനയിട കയറി പെങ്ങളെ കണ്ടു. കാപ്പി കഴിഞ്ഞു കർമ്മേലിലേക്കു പോയി. കോലഞ്ചേരിക്കാരൻ ചാക്കോപ്പിള്ളയും മൊതാലിൽ കത്തനാരും നമ്മെ അനുഗമിച്ചിരുന്നു. നാലു മണി കഴിഞ്ഞു കർമ്മേലിലെത്തി. അനന്തരം ചാക്കോപ്പിള്ളയും മൊതാലിൽ കത്തനാരും പോയി. മാനേജർ യാക്കോബു കത്തനാരും പരുമല മാനേജർ മാത്യൂസ് കത്തനാരും ചേപ്പാട്ടു പുളിമൂട്ടിൽ ഉണ്ണൂണ്ണിയും കർമ്മേലിലെത്തി നമ്മെ കണ്ടു. നിലത്തിന്റെ കാര്യങ്ങളെല്ലാം പറഞ്ഞു. എന്നാൽ അത് വേണ്ടായെന്നുള്ള തീരുമാനത്തിലെത്തി. അവർ തിരിച്ചുപോയി. മുളന്തുരുത്തിയിൽ നിന്നും പാലയ്ക്കാട്ടു കത്തനാരും ഇടപ്പങ്ങാട്ടു കത്തനാരും ഏതാനും ഇടവകക്കാരും കൂടെ നമ്മെ വന്നു കാണുകയും നാം ചെല്ലുന്ന കാര്യം നിർബ്ബന്ധമായി അപേക്ഷിക്കുകയും ചെയ്തു.

കണ്ടനാട്ടു നിന്നും മട്ടുമ്മേൽ കത്തനാരും ഐസക്കു മത്തായിയും മറ്റും നമ്മെ വന്നു കണ്ടു വർത്തമാനങ്ങൾ പറഞ്ഞു. അവരുടെ അപേക്ഷപ്രകാരം നാളെ കണ്ടനാട്ടു പള്ളിയിലേക്കു പോകാൻ നാം ആഗ്രഹിക്കുന്നു. വേറെ വിശേഷമൊന്നുമില്ല.

17 വ്യാഴം. കർമ്മേൽ ദയറാ. കണ്ടനാട്ടു നിന്നും മട്ടുമ്മേൽ കത്തനാർ നമ്മെ വന്നു കണ്ടു വർത്തമാനങ്ങൾ പറഞ്ഞു. കണ്ടനാട്ടു പള്ളിയിലേക്കു ചെല്ലുന്നതിനു ക്ഷണിച്ചു. തുകലൻ റ്റി. കെ. വറുഗീസ് ഇവിടെ വന്നു നമ്മെ കണ്ടു വർത്തമാനങ്ങളൊക്കെ പറഞ്ഞു. പത്തു മണി കഴിഞ്ഞു നാം കണ്ടനാട്ടു പള്ളിയിലേക്കു പോയി. മട്ടുമ്മേൽ കത്തനാരും നമ്മോടുകൂടെ പോന്നിരുന്നു. പള്ളിയിലെത്തിയപ്പോൾ ഏതാനും ആളുകളും അവിടെ കൂടിയിരുന്നു. അവർ സ്വീകരിച്ചു പള്ളിയകത്തേക്കു ആനയിച്ചു. പാത്രിയർക്കീസ് ഭാഗത്തെ ട്രസ്റ്റിയായിരുന്ന തുകലൻ ഏബ്രഹാം ആദ്യമായി കൈമുത്തി സ്വീകരിച്ചു. അനന്തരം മദ്ബഹായിൽ പ്രവേശിച്ച് ലുത്തിനിയാ നടത്തി. ആ പള്ളിയിൽ കബറടങ്ങിയിരിക്കുന്ന ശക്രള്ളാ ബസേലിയോസ് കാതോലിക്കാ ബാവായുടെ കബറിങ്കലും ധൂപപ്രാർത്ഥന നടത്തി. അനന്തരം കൂടിയിരുന്ന ആളുകളോടു സമാധാനത്തെക്കുറിച്ചും നമുക്ക് ഇവിടെ എത്തി ഈ പിതാക്കന്മാരുടെ കബറിങ്കൽ ധൂപപ്രാർത്ഥന നടത്തുന്നതിന് അവസരം ലഭിച്ചതിനെക്കുറിച്ചും ദൈവം തന്ന സമാധാനത്തെ അഭംഗം പുലർത്തിക്കൊണ്ടു പോകണമെന്നും ഉദ്ബോധിപ്പിക്കുകയും ചെയ്തു. അനന്തരം എല്ലാവരും കൈമുത്തി. അതിനുശേഷം തുകലൻ റ്റി. കെ. വറുഗീസും, റ്റി. കെ. ഏബ്രഹാമും, തുകലൻ പൗലോ അവിരായും മറ്റും വന്നു കണ്ടു പരിചയപ്പെട്ടു. തുകലൻ പൗലോയുടെ മകൻ നമ്മുടെ കൈ മുത്തിയില്ല. അവൻ അല്പം മര്യാദയില്ലാതെയാണ് പെരുമാറിയത്. അവർ കരിക്കുംവെള്ളം തന്നു. നാം കുടിച്ചു. അധികം താമസിയാതെ നാം തിരികെ പോന്നു. മട്ടുമ്മേൽ കത്തനാരും നമ്മുടെ കൂടെ പോന്നു. ഇവിടെ അടുത്തുള്ള ധാരാളംപേർ ഇവിടെ വന്നു നമ്മെ കാണുകയുണ്ടായി. പാലയ്ക്കാട്ടു യോഹന്നാൻ കത്തനാർ ഇവിടെ വന്നു നമ്മെ കാണുകയുണ്ടായി. നാളെ നമുക്കു വെട്ടിക്കൽ ദയറായിലേക്കു ഒന്നു പോകണമെന്നു പറഞ്ഞു. ആ വിവരം അവിടെ അറിയിച്ചുകൊള്ളാമെന്നും പറഞ്ഞു അയാൾ പോയി. തുകലൻ റ്റി. കെ. വറുഗീസിന്റെ ഭാര്യയും മകനും അവന്റെ ഭാര്യയും മറ്റും നമ്മെ വന്നു കണ്ടു. പലഹാരങ്ങളും മുന്തിരിങ്ങയും ഓറഞ്ചും മറ്റും കൊണ്ടുവന്നു തന്നു. ഇവിടെ കാച്ചപ്പിള്ളിൽ മർക്കോച്ചന്റെ വീട്ടിൽ നിന്നുമാണു നമ്മുടെ ഇവിടുത്തെ ഭക്ഷണകാര്യങ്ങളും മറ്റും നടത്തുന്നത്. (പത്രോസ് മാർ) ഒസ്താത്തിയോസ് മെത്രാച്ചൻ ഇവിടെ ഇല്ല. മ്യാലിൽ മാത്യു വാദ്ധ്യാരും മറ്റും വന്നു കണ്ടു വർത്തമാനങ്ങൾ പറഞ്ഞു. രാത്രി 9 മണി കഴിഞ്ഞു മണലിൽ യാക്കോബ് കത്തനാരും ഉപ്പൂട്ടിൽ കുഞ്ഞച്ചനും തുകലൻ റ്റി. കെ. വറുഗീസും നമ്മെ വന്നു കണ്ടു. എം. വി. ജോർജ് കത്തനാർ നമ്മെ വന്നു കാണുകയും വർത്തമാനങ്ങൾ പറയുകയും ചെയ്തു. അയാൾ ഇന്നു മുളന്തുരുത്തി പള്ളിയിൽ പ്രസംഗത്തിനു വന്നതാണെന്നും പറഞ്ഞു. ഇവിടെ അടുത്തുള്ള ധാരാളം ആളുകൾ നമ്മെ വന്നു കണ്ടു. 4 മണി കഴിഞ്ഞ് തുകലൻ റ്റി. കെ. ഏബ്രഹാമും ചേലടി വറുഗീസും കൂടെ നമ്മെ വന്നു കണ്ടു. "നമുക്കു സമാധാനമായിട്ടു നടന്നാൽ പോരേ, വെറുതെ എന്തിനു വഴക്കുണ്ടാക്കുന്നു" എന്നു നാം ചോദിച്ചു. അയാൾ നമ്മെ അയാ

യൂലിയോസ് മെത്രാച്ചന്റെ സഹകരണത്തോടു കൂടി കൊല്ലം ഭദ്രാസനത്തിൽ പ്രവേശിച്ചു പൗലോസ് പീലക്സിനോസ് മെത്രാച്ചൻ തീരെ പഠിപ്പോ സ്വഭാവമോ ഇല്ലാത്ത ചെറുപ്പക്കാർക്ക് പട്ടം കൊടുത്തു സഭയെ ദ്രോഹിക്കുന്നു എന്നുള്ള കാര്യങ്ങൾ എഴുതിയിട്ടുണ്ട്.

ളുടെ പള്ളിയിലേക്കു അതായത് എറണാകുളത്തുള്ള എഴുപതടി റോഡിലെ പള്ളിയിലേക്കു ചെന്ന് ലുത്തിനിയാ നടത്തി അനുഗ്രഹിക്കണമെന്നപേക്ഷിച്ചു. നമുക്ക് നല്ല സുഖമില്ലാത്തതുകൊണ്ടു പോകുന്നു. പിന്നീടൊരിക്കൽ ആകട്ടെ എന്നു പറഞ്ഞു. സന്ധ്യ കഴിഞ്ഞാണ് അവർ തിരിച്ചു പോയത്. സന്ധ്യ കഴിഞ്ഞു കോലഞ്ചേരിയിൽ നിന്നും ചാക്കോപ്പിള്ളയും വാലയിൽ ഏലിയാസു കത്തനാരും കൂടെ നമ്മെ കാണുകയും വർത്തമാനങ്ങൾ പറയുകയും ചെയ്തു. മൂവാറ്റുപുഴ അരമന പണിയുന്ന കാര്യം നിശ്ചയിച്ച് ഒരു കമ്മിറ്റിയെ ആക്കിയെന്നും അതിന്റെ ചുമതല അയാളെ ഏല്പിച്ചിരിക്കുകയാണെന്നും ചാക്കോപ്പിള്ള പറഞ്ഞു. അനന്തരം അവർ പോയി. വേറെ വിശേഷമൊന്നുമില്ല.

19 ശനി. കർമ്മേൽ ദയറാ. മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മദിവസമാണ്. കോശി കത്തനാർ കർമ്മേൽ ദയറായിൽ വി. കുർബ്ബാന ചൊല്ലി. ഉച്ചകഴിഞ്ഞു മുളന്തുരുത്തിയിൽ നിന്നും പാലയ്ക്കാട്ടു കത്തനാരും എടപ്പങ്ങാട്ടു കത്തനാരും മേമുറി ജേക്കബ് കത്തനാരും ചാലപ്പുറത്തു കത്തനാരും മറ്റും ഇവിടെ വന്നു. മുളന്തുരുത്തി പള്ളിയിലേക്കുള്ള എതിരേല്പിനു നമ്മെ സ്വീകരിച്ചുകൊണ്ടു പോകാൻ വന്നതാണ്. സേവേറിയോസ് മെത്രാച്ചനും ഗ്രീഗോറിയോസ് മെത്രാച്ചനും അത്താനാസിയോസ് മെത്രാച്ചനും കൂറിലോസ് മെത്രാച്ചനും ധാരാളം ആളുകളും ഇവിടെ വന്നു. നാലു മണിയോടു കൂടി ഇവിടെ നിന്നും പുറപ്പെട്ടു. ഇവിടെ കിഴക്കുള്ള കവലയ്ക്കു നിന്നും മുളന്തുരുത്തി പള്ളിയിലേക്കുള്ള എതിരേല്പും ആരംഭിച്ചു. പട്ടക്കാരും ജനങ്ങളുമായി ഒരു വലിയ കൂട്ടം ഉണ്ടായിരുന്നു. അഞ്ചു മണി കഴിഞ്ഞ് മുളന്തുരുത്തി പള്ളിയിലെത്തി. ലുത്തിനിയായും കബറിങ്കൽ ധൂപപ്രാർത്ഥനയും നടത്തി. അനന്തരം വന്നുകൂടിയ ജനക്കൂട്ടത്തെ ആശീർവദിച്ചു പ്രസംഗിച്ചു. അതിനുശേഷം പള്ളിമുറിയിൽ വിശ്രമിച്ചു. സേവേറിയോസ് മെത്രാച്ചൻ അയ്യംപള്ളി സെന്റ് ജോൺസ് പള്ളിയിലേക്കു ഒരു കത്തനാരെയും കൊണ്ടു പോകാൻ വിവരം പറഞ്ഞു അയ്യംപള്ളിക്കു പോയി. ആരക്കുന്നത്തുകാരൻ ചിറ്റേത്തു കത്തനാരാണ്. അയാൾ അന്ത്യോഖ്യൻ മൂവ്മെന്റുകാരനാണെന്നു കേട്ടു. മെത്രാച്ചൻ നാളെ അയാളെക്കൊണ്ടു അവിടെ ചൊല്ലിക്കുവാനാണ് പോകുന്നതെന്നും പറഞ്ഞു.

പത്തനംതിട്ട നിന്നും പീലക്സിനോസ് മെത്രാച്ചൻ ഇവിടെ വന്നു നമ്മെ കാണുകയും അദ്ദേഹം സിംഗപ്പൂരിലേക്കു പോകയാണെന്നും അവിടെ പള്ളി കൂദാശ നടത്താനുണ്ടെന്നും മറ്റും പറഞ്ഞു യാത്ര പറഞ്ഞു പോയി. എം. ഏബ്രഹാം വക്കീലും കൂടെ ഇവിടെ വന്നു നമ്മെ കണ്ടു വർത്തമാനങ്ങളൊക്കെ പറഞ്ഞു. അവർ എറണാകുളത്തു നിന്നും വരികയാണെന്നും ചേലടി വറുഗീസും മറ്റും കുഞ്ഞച്ചനെ കണ്ടെന്നും അപ്പോൾ നാം അയാളുടെ പള്ളിയായ എഴുപതടി റോഡിലെ പള്ളിയിലേക്കു ഒന്നു ചെന്നാൽ പീലക്സിനോസ് മെത്രാച്ചൻ അവിടെ വന്നു നമ്മെ കണ്ട് കാര്യങ്ങളൊക്കെ പറഞ്ഞു തീർത്തുകൊള്ളാമെന്ന് ആഗ്രഹിക്കുന്നതായും അവർ നമ്മെ അറിയിച്ചു. എന്നാൽ നമുക്ക് അത് സാദ്ധ്യമല്ലെന്നും അവരുടെയെല്ലാം ദുരുദ്ദേശ്യവും മറ്റും വളരെ വിഷമമാണെന്നും പറഞ്ഞു. അനന്തരം അവർ രാത്രി തന്നെ തിരിച്ചുപോയി. മുളന്തുരുത്തിപ്പള്ളിയിലെ മാനുഷം ചാലിയെ മാറ്റി വേറൊരു ആളെ നിയമിക്കുന്നതിന് വിധിയായിട്ടുണ്ടെന്നും അറിഞ്ഞു. വേറെ വിശേഷമൊന്നുമില്ല. സേവേറിയോസ് മെത്രാച്ചൻ മുളന്തുരുത്തി പള്ളിയിൽ വന്നു എന്നറിഞ്ഞു. നമ്മെ വന്നു കണ്ടില്ല.

(തുടരും)

◆ സമാധാനത്തിന്റെ മനുഷ്യർ ചുരുക്കവും കലഹത്തിന്റെ പുത്രന്മാർ വളരേയും ആകുന്നു. അത് ഒടുക്കകാലമാകകൊണ്ടായിരിക്കാം.

◆ നാം ചെയ്യുന്നതു ദൈവത്തെക്കുറിച്ചു എന്നിരുന്നാൽ മതി. അപ്പോൾ നമുക്കു തന്നിൽനിന്നു പ്രതിപകരം കിട്ടും.

– പ. പരുമല തിരുമേനി

സഭാചരിത്ര ഗവേഷണരംഗത്തെ അപൂർവ്വ പ്രതിഭ

ജോയ്സ് തോട്ടയ്ക്കാട്

ഫാ. ഡോ. ജോസഫ് ചീരൻ എന്ന പേര് ആദ്യമായി കണ്ണിലുടക്കുന്നത് 1980-കളുടെ അവസാന കാലത്തെ ചർച്ച് വീക്കിലികളിലായിരുന്നു. 1989 സെപ്റ്റംബറിൽ മലങ്കരസഭാ മാസികയിലാണ് എന്റെ ആദ്യ സഭാചരിത്ര ഗവേഷണ ലേഖനം പ്രസിദ്ധീകരിച്ചത്. സഭാചരിത്ര പണ്ഡിതനായ ഫാ.ഡോ. വി. സി. ശമുവേലിന്റെ പ്രതികരണം തുടർ ലക്കത്തിൽ പ്രസിദ്ധീകരിക്കും എന്ന മുഖവുരയോടെ ഒരു ചർച്ചയ്ക്കായി എന്റെ ലേഖനം അവതരിപ്പിക്കുകയായിരുന്നു. ശമുവേലച്ചന്റെ ലേഖനത്തിനുശേഷം വന്ന പ്രതികരണം ഫാ. ജോസഫ് ചീരന്റെയായിരുന്നു.

1989 ഡിസംബറിലാണ് നസ്രാണി എന്നൊരു ദ്വൈമാസികയും ബഥേൽ പബ്ലിക്കേഷൻസ് എന്നൊരു പ്രസാധക സംരംഭവും ഞാൻ ആരംഭിക്കുന്നത്. ആ സമയത്താണ് ചീരനച്ചൻ ചില ചരിത്രരേഖകൾ കണ്ടെത്തിയ കാര്യം മാതൃഭൂമി പത്രം റിപ്പോർട്ട് ചെയ്തത്. അതിനെക്കുറിച്ചുള്ള ഒരു ലേഖനം ചോദിച്ചു വാങ്ങി നസ്രാണിയിൽ പ്രസിദ്ധീകരിച്ചു. അങ്ങനെയാണ് അച്ചനുമായുള്ള എഴുത്തുകുത്തുകൾ ആരംഭിക്കുന്നതും സൗഹൃദത്തിലാവുന്നതും. 1991-ൽ ചീരനച്ചൻ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയ *മാർ ഇഗ്നാത്തിയോസിന്റെ സപ്ത ലേഖനങ്ങൾ* എന്ന ഗ്രന്ഥം ബഥേൽ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ചു. അച്ചന്റെ സഭാരംഗത്തെ പ്രഥമ കൃതിയായിരുന്നു അത്. പിന്നീട് അച്ചന്റെ ഡോക്ടറൽ ഗവേഷണ പ്രബന്ധം *ബൈബിളും മലയാള സാഹിത്യവും* എന്ന പേരിൽ ഉടൻ പ്രസിദ്ധീകരിക്കും എന്ന് നസ്രാണിയിലൂടെ പരസ്യം ചെയ്തെങ്കിലും മറ്റൊരു സെക്കുലർ പ്രസാധകരിലൂടെയാണ് ആ ഗ്രന്ഥം പുറത്തു വന്നത്.

സെമിനാരിസ്ഥാപകന്റെ 175-ാം ജൂബിലിയോടനുബന്ധിച്ച് 1991-ൽ സെമിനാരിയിൽ നടന്ന ഒരു സെമിനാറിൽ അച്ചൻ പ്രബന്ധം അവതരിപ്പിച്ചിരുന്നു. അത് അച്ചന് വലിയ പ്രശംസ നേടിക്കൊടുത്തു. അതിന്റെ ആവേശത്തിൽ സെമിനാരിസ്ഥാപകനായ പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനിയുടെ ഒരു ജീവചരിത്രം എഴുതുവാൻ ആഗ്രഹിക്കുന്നു എന്ന് അച്ചൻ എന്നെ അറിയിച്ചു. അതിന്റെ പ്രസിദ്ധീകരണം ഞാൻ ഏറ്റെടുക്കാം എന്ന് അറിയിച്ചതനുസരിച്ച് അച്ചൻ ആ ജീവചരിത്രം പൂർത്തിയാക്കി എനിക്ക് അയച്ചുതന്നു. അച്ചന്റെ കൈയക്ഷരം പ്രസ്സിലെ കമ്പോസിറ്റർമാർക്കു വായിക്കുവാൻ പ്രയാസമായതിനാൽ അതു മൂലം തെറ്റുണ്ടാവാനുള്ള സാധ്യത കണക്കിലെടുത്ത് ആ കൈയെഴുത്തു പ്രതിയുടെ ഒരു പ്രസ്സ് കോപ്പി ഞാൻ പകർത്തിയെഴുതി തയ്യാറാക്കി. അപ്പോഴേക്ക് നസ്രാണിയുടെ ഏതാനും ലക്കങ്ങളും ചില ചെറിയ പുസ്തകങ്ങളും പ്രസിദ്ധീകരിച്ച് ഞാൻ കടം കയറിയ അവസ്ഥയിലായിരുന്നു. 200 പേജോളം വരുന്ന പുസ്തകം പ്രസിദ്ധീകരിക്കുക ഇപ്പോൾ ബുദ്ധിമുട്ടാണെന്നു ഞാൻ അറിയിച്ചതോടെ അച്ചൻ വിഷമത്തിലായി. കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്തായായ പൗലോസ് മാർ മിലിത്തിയോസ് ആണ് (പ. പൗലോസ് രണ്ടാമൻ ബാവാ) 1992-ൽ ആ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്.

1992 ഫെബ്രുവരി ലക്കം മലങ്കരസഭാ മാസികയിൽ വട്ടശ്ശേരിൽ തിരുമേനിയെക്കുറിച്ചു ചീരനച്ചൻ എഴുതിയ ഒരു ലേഖനം പ്രസിദ്ധീകരിച്ചു. ഒരു സംവാദത്തിനുള്ള തുടക്കമെന്ന നിലയിലാണ് ആ ലേഖനം പത്രാധിപരായ ജേക്കബ് കുര്യൻ അച്ചൻ പ്രസിദ്ധപ്പെടുത്തിയത്. വട്ടശ്ശേരിൽ തിരുമേനിയെക്കുറിച്ചുള്ള വിമർശനപരമായ ആ ലേഖനത്തിലെ ചിന്തകൾ തിരുമേനിയെ സ്നേഹിക്കുന്നവരെ വിഷമിപ്പിച്ചു. തിരുമേനിയുടെ സെക്രട്ടറിയായിരുന്ന ഫാ. ജേക്കബ് മണലിൽ ഉൾപ്പെടെ പലരും മറുപടി എഴുതി മാസികയ്ക്കു അയച്ചെങ്കിലും ചീരനച്ചന്റെ പ്രധാന വാദങ്ങളെ ഖണ്ഡിക്കുന്നവ ആയിരുന്നില്ല അവയൊന്നും.



അശീതി ആഘോഷിക്കുന്ന സഭാചരിത്രകാരനും ഭാഷാ പണ്ഡിതനുമായ ഫാ. ഡോ. ജോസഫ് ചീരന്റെ സഭാചരിത്ര സംഭാവനകളെക്കുറിച്ച് ഒരു അന്വേഷണം.

1991-ലാണ് മലങ്കരസഭാ മാസികയുടെ സബ് എഡിറ്ററായി ഫാ. ഡോ. ജേക്കബ് കുര്യന്റെ നിർദ്ദേശപ്രകാരം ഞാൻ പ്രവർത്തിച്ചു തുടങ്ങിയത്. 1992-ൽ സഭയുടെ പുരാരേഖകളും പുസ്തകങ്ങളും 16 എം.എം. ഫിലിമിലാക്കി (മൈക്രോഫിലിം) സൂക്ഷിക്കാനുള്ള ഒരു പദ്ധതി കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ നടന്നുകൊണ്ടിരുന്നു. മൈക്രോഫിലിം ചെയ്യേണ്ട രേഖകളും പുസ്തകങ്ങളും പറഞ്ഞു കൊടുക്കാനുള്ള ദൗത്യം, ഒരു സഭാചരിത്ര ഗവേഷകനായി അറിയപ്പെട്ടു തുടങ്ങിയിരുന്ന എന്നെ സെമിനാരി അധികൃതർ ഏല്പിച്ചു. സെമിനാരി, ദേവലോകം കാതോലിക്കേറ്റ് അരമന, കർമ്മേൽ ദയറാ, മീമ്പാറ അരമന, പാമ്പാക്കുട കോനാട്ട് ലൈബ്രറി തുടങ്ങിയ സ്ഥലങ്ങളിൽ ഇക്കാര്യത്തിനായി പോകേണ്ടതായി വന്നു. കോനാട്ട് ലൈബ്രറിയിൽ ഒരാഴ്ച താമസിച്ചാണ് പുസ്തകങ്ങളെല്ലാം മൈക്രോഫിലിമിലാക്കിയത്. അവിടെ കണ്ട മലയാള ഭാഷയിൽ ആദ്യകാലത്ത് പ്രസിദ്ധീകരിച്ച ആരാധന ക്രമങ്ങളുടെ പശ്ചാത്തലത്തിൽ മലങ്കരസഭാ മാസികയിൽ ചീരനച്ചൻ എഴുതിയ വട്ടശ്ശേരിൽ തിരുമേനിയെക്കുറിച്ചുള്ള ലേഖനത്തിലെ ചില ആശയങ്ങളെ ഖണ്ഡിക്കുവാൻ ഞാൻ ഒരു ലേഖനം എഴുതി. അത് പ്രസിദ്ധപ്പെടുത്തിയതോടെ ചീരനച്ചന്റെ ലേഖനം വായിച്ച് വിഷമിച്ച പലർക്കും ഒരു ആശ്വാസമായി. ധാരാളംപേർ എന്നെ അഭിനന്ദിച്ചു. സെമിനാരിയിൽ വച്ചു കണ്ടപ്പോൾ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ (പ. മാത്യൂസ് തൃതീയൻ

കാതോലിക്കാ ബാവാ) നേരിട്ട് അഭിനന്ദനം പറഞ്ഞത് ഓർക്കുന്നു. ചീരനച്ചൻ തന്റെ ലേഖനങ്ങൾക്കു വന്ന പ്രതികരണങ്ങൾക്ക് ഒരു മറുപടി എഴുതി അയച്ചുകൊടുത്തത് ചീഫ് എഡിറ്റർ പ്രസിദ്ധീകരണത്തിനായി നൽകിയെങ്കിലും, മാനേജർ റ്റി. ജി. സഖറിയാ അച്ചനും സബ് എഡിറ്ററായ ഞാനും ചേർന്ന് അത് പ്രസിദ്ധപ്പെടുത്തേണ്ടതില്ല എന്ന തീരുമാനം എടുത്താണ് സഭയിൽ കോളിളക്കമുണ്ടാക്കിയ ആ വിവാദം അവസാനിപ്പിച്ചത്.

1999 ചിങ്ങം ഒന്നിനാണ് കോട്ടയത്ത് ഒരു ഡി.റ്റി.പി. സെന്റർ ഞാൻ ആരംഭിച്ചത്. ഏതാനും മാസങ്ങൾക്കകം സഭാചരിത്രകാരനും പത്രപ്രവർത്തകനും പ്രസാധകനുമായ കെ. വി. മാമ്മൻ സാറിന്റെ പുസ്തകങ്ങൾ അവിടെ ഡി.റ്റി.പി. ചെയ്യാൻ ആരംഭിച്ചു. അദ്ദേഹം ചീരനച്ചനെയും അഡ്വ. പി. സി. മാത്യു പുലിക്കോട്ടിലിനെയും കൊണ്ട് പ്രതിഫലം നൽകി ലേഖനങ്ങൾ എഴുതിച്ച് അവ ഉൾപ്പെടുത്തി പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു തുടങ്ങിയതിനാൽ ചീരനച്ചന്റെ ലേഖനങ്ങൾ ടൈപ്പ് ചെയ്യുവാനായി എന്റെ ഓഫീസിൽ ലഭിച്ചു തുടങ്ങി. എന്റെ സ്ഥാപനത്തിലെ ജീവനക്കാരിൽ ചിലർ അച്ചന്റെ കൈയക്ഷരം വായിക്കുന്നതിൽ താമസിയാതെ മിടുക്കരായി. പിന്നീട് ചീരനച്ചന്റെ സഭാചരിത്ര ഗ്രന്ഥങ്ങൾ കെ. വി. മാമ്മൻ പ്രസിദ്ധപ്പെടുത്തി തുടങ്ങിയപ്പോൾ അവയെല്ലാം എന്റെ സ്ഥാപനത്തിലായിരുന്നു ടൈപ്പ് ചെയ്തത്. കമ്പ്യൂട്ടർ സ്ക്രീനിൽ നോക്കി പ്രൂഫ് വായിക്കുന്നതിനിടയിൽ ഞാൻ ചെയ്യുന്ന ചെറിയ എഡിറ്റിംഗുകൾ അച്ചൻ മനസ്സിലാക്കിയതോടെ പുസ്തകം ടൈപ്പ് ചെയ്യാൻ തരുമ്പോൾ തന്നെ “എഡിറ്റ് ചെയ്യരുതെന്ന്” അച്ചൻ പറയാൻ തുടങ്ങി. അച്ചന്റെ രചനകൾ പിന്നീട് ഫാ. ജോർജ് പുലിക്കോട്ടിൽ (പിന്നീട് ഡോ. ഗീവർഗീസ് മാർ യൂലിയോസ്) എം.ജെ.ഡി. പബ്ലീഷിംഗ് ഹൗസ് എന്ന ബാനറിൽ പ്രസിദ്ധീകരിച്ചപ്പോഴും ഭൂരിപക്ഷം ഗ്രന്ഥങ്ങളുടെയും ഡി.റ്റി.പി. യും പ്രിന്റിംഗും ഞാൻ തന്നെയാണ് നിർവ്വഹിച്ചത്.

ഇതൊക്കെ സത്യമാണോ?

പുസ്തകങ്ങളുടെ പ്രൂഫ് വായന നടത്തുമ്പോൾ ചീരനച്ചൻ എഴുതിയിരിക്കുന്ന ചില കാര്യങ്ങളൊക്കെ സത്യമാണോ എന്ന ചിന്ത എനിക്കുണ്ടാകും. പുസ്തകം വായിക്കുന്നവർക്കും ഉണ്ടാകും. പാലൂർ ഭദ്രാസനമെന്നും പാലൂർ പള്ളിയെന്നുമൊക്കെ അച്ചൻ എഴുതിയിരുന്നതിന്റെ സോഴ്സ് അബ്ദുള്ളാ പാത്രിയർക്കീസിന്റെ ഒരു കല്പനയായിരുന്നു. അതു കൂടാതെയും ആ പരാമർശനങ്ങൾ ചരിത്രത്തിലുണ്ട് എന്ന് എന്റെ അന്വേഷണത്തിൽ കണ്ടെത്തിയപ്പോഴാണ് ഭാവനയിൽ നിന്ന് എഴുതി വിട്ടതല്ല അതെന്ന് എനിക്കു മനസ്സിലായത്.

ചരിത്ര ഗവേഷണരംഗത്തെ അപൂർവ്വ പ്രതിഭ

ആദ്യ മലങ്കരസഭാ ചരിത്രമെന്ന് വിശേഷിപ്പിക്കാവുന്നത് *നിരണം ഗ്രന്ഥവരി*യെയാണ്. മലയാള ഭാഷയിലെ ആദ്യ ചരിത്രഗ്രന്ഥവും അതാണ്. താളിയോലയിൽ എഴുതപ്പെട്ട ആ ചരിത്രം ആറാം മാർത്തോമ്മായുടെ കാലം മുതൽ നാളാഗമമായി എഴുതപ്പെട്ടു തുടങ്ങിയതായിരുന്നു. പേപ്പറിൽ എഴുതിത്തുടങ്ങിയ കാലം മുതൽ അതിന്റെ പല കൈയെഴുത്തു പകർപ്പുകളും പലരും എഴുതി കുടുംബങ്ങളിൽ സൂക്ഷിച്ചിരുന്നു. 1980-കളുടെ അവസാനം താളിയോലയിൽ നിന്നും വിദഗ്ദ്ധരാൽ പകർത്തി എഴുതപ്പെട്ട *നിരണം ഗ്രന്ഥവരി*, ഫോട്ടോസ്റ്റാറ്റ് രൂപത്തിൽ പ്രചരിച്ചുവെങ്കിലും അതിനെ ഒരു ചരിത്രഗ്രന്ഥമായി അംഗീകരിക്കുവാൻ പല ചരിത്രപണ്ഡിതന്മാരും മടിച്ചു. ഡോ.എം. കുര്യൻ തോമസ് എഡിറ്റ് ചെയ്ത് പഠനമെഴുതിയ *നിരണം ഗ്രന്ഥവരി* 2000-ൽ ഞാനാണ് പ്രസിദ്ധീകരിച്ചത്. ചീരനച്ചന്റെ ആദ്യ ഗ്രന്ഥം പ്രസിദ്ധീകരിച്ചതുപോലെ ഡോ. എം. കുര്യൻ തോമസിന്റെ ആദ്യ ഗ്രന്ഥവും പ്രസിദ്ധീകരിക്കാൻ എനിക്ക് സാധിച്ചു.

അച്ചടിച്ച ആദ്യ മലങ്കരസഭാ ചരിത്രം ഇട്ടൂപ്പ് റൈറ്ററുടെ “മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്ര”മാണ്. 1869-ൽ പ്രസിദ്ധീകരിച്ച ആ പുസ്തകം നവീകരണ നേതാവായ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിനെ വെള്ള പൂശുന്നതും നവീകരണ ചായ്‌വുള്ളതും ആയിരുന്നു. സഭാചരിത്ര സംബന്ധമായ ചില സുപ്രധാന രേഖകളൊക്കെ ആ പുസ്തകത്തിൽ കൊടുത്തിട്ടുണ്ടെങ്കിലും പലതും എഡിറ്റ് ചെയ്യപ്പെട്ടവയാണെന്ന് 1990-കളിൽ ജോസഫ് ചീരനച്ചൻ കണ്ടെത്തി.

പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ കാലത്തു തന്നെ തിരുവിതാംകൂർ റസിഡണ്ട് നടത്തിയ ഒരു മലങ്കരസഭാ ചരിത്ര രചനാ മത്സരത്തിൽ വിജയിച്ച ചില ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇവയെല്ലാം തന്നെ



നവീകരണ ചായ്‌വ് പ്രകടിപ്പിക്കുന്നവയായിരുന്നു.

1843-ലെ യൂയാക്കീം മാർ കൂറിലോസിന്റെ വരവോടെയാണ് മലങ്കര-അന്ത്യോഖ്യാ ബന്ധം ദൃഢമാകുന്നത്. നവീകരണ നേതാവായ മാർ അത്താനാസ്യോസിനെ പരാജയപ്പെടുത്തി സഭയെ സത്യവിശ്വാസത്തിൽ നിലനിർത്താനുള്ള പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ ശ്രമങ്ങളുടെ ഭാഗമായി പത്രോസ് പാത്രിയർക്കീസ് മലങ്കരയിലെത്തിയതോടെ (1875) ആ ബന്ധം കൂടുതൽ ദൃഢമായി. പിന്നീടുള്ള കാൽ നൂറ്റാണ്ടു കാലം അന്ത്യോഖ്യൻ സഭയുടെ ഒരു ഭാഗം പോലെയായി മലങ്കരസഭ. 1910-ൽ ലൗകിക ഭരണം കൂടി പിടിച്ചെടുക്കാനുള്ള അബ്ദുള്ളാ പാത്രിയർക്കീസിന്റെ ശ്രമത്തെ ചെറുത്ത മലങ്കര നസ്രാണികൾ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസിന്റെ പിമ്പിൽ ഉറച്ചുനിന്നു. പാത്രിയർക്കീസിനെ കണ്ണടച്ചു പിന്തുണച്ചവരുടെ കൂട്ടത്തിലായിരുന്നു പുലിക്കോട്ടിൽ രണ്ടാമന്റെ കാലത്ത് അസോസ്യേഷൻ സെക്രട്ടറിയായിരുന്ന ഇടവഴിക്കൽ മാത്തു ഫിലിപ്പ്. ഇ.എം. ഫിലിപ്പ് രചിച്ച മലങ്കരസഭാ ചരിത്രം സ്വാഭാവികമായി അന്ത്യോഖ്യൻ പക്ഷപാതിത്വമുള്ളതും അവരുടെ ചെയ്തികളെ വെള്ള പൂശുന്നതുമായി. അദ്ദേഹം 1908-ൽ ഇംഗ്ലീഷിൽ രചിച്ച ഗ്രന്ഥത്തിന്റെ മലയാളം പരിഭാഷ മകൻ 1952-ലാണ് പ്രസിദ്ധീകരിച്ചത്.

പത്രപ്രവർത്തകനും ധനാഢ്യനും പാറേട്ട് മാത്യൂസ് മാർ ഈവാനിയോസിന്റെ സഹോദരനുമായ ഇസ്സഡ്. എം. പാറേട്ട് 1960-കളുടെ പകുതിയിലാണ് മലങ്കരസഭാ ചരിത്ര രചന തുടങ്ങിയത്. ഏതാനും വാല്യങ്ങളിൽ അത് എഴുതി പൂർത്തിയാക്കാമെന്നു കരുതിയെങ്കിലും 1980 വരെയുള്ള കാലംകൊണ്ട് പത്തു ബൃഹദ് വാല്യങ്ങളാണ് അദ്ദേഹം എഴുതി സ്വന്തം പണം മുടക്കി പ്രസിദ്ധീകരിച്ചത്. 1958-ലുണ്ടായ സഭാ സമാധാനത്തെ തുടർന്നുള്ള സഭാസമാധാന കാലത്താണ് രചന തുടങ്ങിയതെങ്കിലും 1970-കൾ ആയപ്പോഴേക്കും സഭാവഴക്ക് വീണ്ടും രൗദ്രഭാവം പൂണ്ടു. അതിന്റെ സ്വാധീനം പാറേട്ടിന്റെ രചനകളെയും ബാധിച്ചു. ഓർത്തഡോക്സ് സഭയുടെ ഒരു തീവ്രവക്താവെന്ന നിലയിലേക്ക് അദ്ദേഹത്തിന്റെ രചനാശൈലി മാറി. സ്വസഹോദരൻ മെത്രാനായിരുന്നതുകൊണ്ട് സഭാചരിത്ര രേഖകളും പഴയ പുസ്തകങ്ങളും ലഭിക്കുവാനുള്ള സൗകര്യം പാറേട്ടിനുണ്ടായി. *നിരണം ഗ്രന്ഥവരി*യുടെ പകർപ്പ് പോലുള്ള ചില രേഖകൾ കൈയിൽ വന്നുവെങ്കിലും അന്ത്യോഖ്യൻ പക്ഷപാതിത്വത്തിന്റെ പേരിൽ അദ്ദേഹം അതിനെ തീരെ അവഗണിച്ചു. വാർദ്ധക്യത്തിന്റെ അവശതകൾക്കിടയിൽ, സഭാവഴക്കിന്റെ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട ആ ഗ്രന്ഥങ്ങൾ, വാരി വലിച്ചുള്ള എഴുത്തു മൂലവും ആവർത്തനം കൊണ്ടും വായനാക്ഷമമല്ല എങ്കിലും പല സുപ്രധാന രേഖകളും (മുളന്തുരുത്തി സുന്നഹദോസ് കാനോനാകൾ, വട്ടശ്ശേരിൽ തിരുമേനി തയ്യാറാക്കിയ ഭരണഘടനാ ഡ്രാഫ്റ്റ് മുതലായവ ഉദാഹരണം) അദ്ദേഹം ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയത് അവ നഷ്ടപ്പെടാതിരിക്കാൻ കാരണമായി. രേഖകളുടെ പകർത്തി എഴുത്തിൽ പല എഡിറ്റിംഗുകളും അദ്ദേഹമോ പകർത്തി എഴുതിയ ആളോ നടത്തിയോ എന്ന സംശയം

അത്തരം ചില രേഖകളുടെ ഒറിജിനൽ ഞാൻ കണ്ടെത്തിയതോടെ ഉണ്ടായിട്ടുള്ള കാര്യവും ചൂണ്ടിക്കാട്ടുന്നു.

1980-കളിലും 1990-കളിലും ചില വൈദികരും അത്മായക്കാരും മലങ്കസഭാചരിത്രം രചിച്ചിട്ടുണ്ടെങ്കിലും അവയ്ക്കൊന്നും മേൽപറഞ്ഞ ഗ്രന്ഥങ്ങൾക്ക് ലഭിച്ച സ്വീകാര്യത ലഭിച്ചില്ല. അവയിലൊന്നും പുതിയ രേഖകളോ കണ്ടെത്തലുകളോ കാര്യമായി ഉണ്ടായിരുന്നുമില്ല. മേൽപറഞ്ഞ ഗ്രന്ഥങ്ങളിൽ നിന്നുള്ള ഉദ്ധരണികൾ ഉപയോഗിച്ചാണ് അവയൊക്കെ രചിക്കപ്പെട്ടത്.

ജോസഫ് ചീരനച്ചൻ 1980-കളുടെ അവസാന കാലത്താണ് സഭാചരിത്ര ലേഖനങ്ങൾ ചർച്ച് വീക്കിലിയിൽ എഴുതിത്തുടങ്ങിയത്. സഭാചരിത്രവുമായി ബന്ധപ്പെട്ട ആദ്യ ഗ്രന്ഥം പ്രസിദ്ധീകരിച്ചത് 1992-ലായിരുന്നു. സെമിനാരി സ്ഥാപകൻ സഭാജ്യോതിസ്സ് ജോസഫ് മാർ ദീവന്നാസ്യോസിന്റെ ജീവചരിത്രമായിരുന്നു അത്. ഊതിപ്പെരുപ്പിച്ച കഥകളും കേട്ടുകേൾവികളും മാത്രം അടിസ്ഥാനമാക്കി ഫാ. ജോസ് പുലിക്കോട്ടിൽ എഴുതിയ ഒരു ചെറു ഗ്രന്ഥം മാത്രമേ പുലിക്കോട്ടിൽ ഒന്നാമന്റെ ജീവചരിത്രമായി അതിനു മുമ്പ് ഉണ്ടായിരുന്നുള്ളൂ. ചീരനച്ചൻ അന്ധതമസ്സിൽ കിടന്ന ആ കാലഘട്ടത്തെ പഠിച്ച് പുതിയ ചരിത്രരേഖകൾ കണ്ടെടുത്ത് അതിന്റെ വെളിച്ചത്തിൽ പുലിക്കോട്ടിൽ ഒന്നാമന്റെ ജീവചരിത്രം രചിച്ചു.

1993-ലാണ് *ഇന്ത്യൻ ഓർത്തഡോക്സ് സഭാചരിത്രം: ഒരു വിമർശനാത്മക പഠനം* എന്ന ഗ്രന്ഥം രചിച്ച് സഭാചരിത്രകാരന്മാരുടെ പട്ടികയിലേക്ക് ചീരനച്ചൻ പ്രവേശിക്കുന്നത്. തുടർന്ന് *മലങ്കരസഭയും കേരള സംസ്കാരവും* എന്ന ഗ്രന്ഥവും പ്രസിദ്ധീകരിച്ചു. കൊരട്ടി സീയോൻ സെമിനാരി, തൊഴിയൂർ ആർക്കൈവ്സ് തുടങ്ങിയ ഗ്രന്ഥപ്പുരകളിൽ ആരും പരിശോധിക്കാതെ കിടന്ന പുസ്തകങ്ങളും രേഖകളും പ്രയോജനപ്പെടുത്തിയാണ് ഈ ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടത്. അച്ചൻ അവതരിപ്പിച്ച പുതിയ രേഖകൾ സംശയദൃഷ്ടിയോടെയാണ് സഭാചരിത്ര പണ്ഡിതന്മാരും ചരിത്രഗവേഷണ രംഗത്തുള്ളവരും കണ്ടത്. രേഖകളുടെ ഫോട്ടോ കൂടി ഗ്രന്ഥത്തിൽ ചേർത്തിരുന്നു. എന്നിട്ടും അവയ്ക്ക് പൊതു സ്വീകാര്യത ഉണ്ടായില്ല. കേരള ചരിത്രത്തിലും സംസ്കാരത്തിലുമുള്ള പലതും ക്രൈസ്തവ സംഭാവനയാണെന്ന അദ്ദേഹത്തിന്റെ വാദവും ഭൂരിപക്ഷം പേരും വില വച്ചില്ല. അച്ചന്റെ ഗവേഷണ താൽപര്യത്തെയും എഴുത്തിന്റെ ശൈലിയെയുംകുറിച്ച് പലരും നല്ല അഭിപ്രായം പറഞ്ഞിരിക്കാം. പക്ഷേ, ഉള്ളടക്കത്തോട് ഏറെപ്പേർ വിയോജിച്ചു എന്നാണ് തോന്നുന്നത്.

ഈ രണ്ടു ഗ്രന്ഥങ്ങളോടെ തന്നെ സഭാചരിത്ര ഗവേഷണ രംഗത്ത് ഒരു പുതിയ പന്ഥാവ് വെട്ടിത്തുറന്ന് തന്റേതായ ഒരു രചനാശൈലി ചീരനച്ചൻ അവതരിപ്പിച്ചു. ചർച്ച് വീക്കിലിയുടെ എഡിറ്റോറിയൽ ബോർഡ് അംഗമായിരുന്ന, മനോരമയിൽ നിന്നു റിട്ടയർ ചെയ്തശേഷം എഴുത്ത്, പ്രസാധന രംഗങ്ങളിൽ ചുവടുറപ്പിച്ചിരുന്ന കെ. വി. മാമ്മൻ ചീരനച്ചന്റെ പ്രതിഭയെ തിരിച്ചറിഞ്ഞ് അദ്ദേഹത്തിന്റെ കൂടെ പങ്കാളിത്തത്തോടെ 2002 മുതൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ തുടങ്ങി. പിന്നീട് ചീരനച്ചൻ രചിച്ച ഗ്രന്ഥങ്ങൾ കെ. വി. മാമ്മൻ പ്രസിദ്ധീകരിച്ചു തുടങ്ങി. മലങ്കരസഭാ ചരിത്രം, സഭാചരിത്ര വിജ്ഞാനകോശം, കാനോൻ പഠനം തുടങ്ങി നിരവധി ഗ്രന്ഥങ്ങൾ ആ കൂട്ടുകെട്ടിൽ നിന്നു പുറത്തുവന്നു. നല്ല പ്രതിഫലം നൽകിയാണ് കെ. വി. മാമ്മൻ അച്ചനെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നത്. റോയൽറ്റിയായി പുസ്തകങ്ങളും നൽകി.

2009-ൽ *കണ്ടനാട് ഗ്രന്ഥവരി* എന്ന ബൃഹദ് ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം കുന്നംകുളംകാരനായ ഫാ. ജോർജ് പുലിക്കോട്ടിൽ ഏറ്റെടുത്തു. ചീരനച്ചനും പുലിക്കോട്ടിൽ അച്ചനും ചേർന്ന് പുലിക്കോട്ടിൽ തിരുമേനിമാരുടെ നാമത്തിൽ എം.ജെ.ഡി. പബ്ലീഷിംഗ് ഹൗസ് എന്ന ബാനറിലാണ് ആ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. 2009-ൽ പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയുടെ ചരമശതാബ്ദി ആഘോഷിച്ചപ്പോൾ *മലങ്കരസഭയുടെ സുവർണ്ണ യുഗശില്പി* എന്ന ഒരു പരമ്പര ആരംഭിച്ചു. പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനിയുടെ ജീവിതവും രചനകളും മൂന്ന് വാല്യങ്ങളായി ചീരനച്ചൻ തയ്യാറാക്കിയത്, അപ്പോഴേക്ക് മെത്രാപ്പോലീത്തായായി മാറിയ സഹപ്രസാധകനായ ഡോ. ഗീവർഗീസ് മാർ യൂലിയോസ് പ്രസിദ്ധീകരിച്ചു. തനിക്കു കൈമുത്തു കിട്ടിയ പണത്തിലേറെയും ആ കാലത്ത് ചീരനച്ചന്റെ രചനകൾ പ്രസിദ്ധീകരിക്കാനാണ് മാർ യൂലിയോസ് വിനിയോഗിച്ചത്.

*കണ്ടനാട് ഗ്രന്ഥവരി*യുടെ പ്രസിദ്ധീകരണം, സഭാചരിത്രത്തിൽ അന്നുവരെ നിലനിന്നിരുന്ന പല ധാരണകളെയും പൊളിച്ചെഴുതുവാൻ കാരണമായി.



സുറിയാനി പണ്ഡിതനായ ഡോ. സെബാസ്റ്റ്യൻ ബ്രോക്ക്, മാർ അപ്രേം മെത്രാപ്പോലീത്താ എന്നിവരോടൊപ്പം.

കൊച്ചി ഭദ്രാസനത്തിന്റെ ആദ്യ മെത്രാപ്പോലീത്തായായ ശെമവൂൻ മാർ ദീവന്നാസ്യോസ് രചിച്ച ആ ഗ്രന്ഥം വായിച്ച് "ഇതൊക്കെ ഉള്ളതാണോ" എന്ന് സെമിനാരി ചരിത്രവിഭാഗം അദ്ധ്യക്ഷൻ എന്നോട് ചോദിച്ചത് ഓർക്കുന്നു. അക്കാലത്ത് ചീരനച്ചന്റെ ചരിത്രഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെടുത്താൻ ഞാൻ കൊണ്ടുപോയി കൊടുത്ത് വായിപ്പിച്ച് തിരികെ വാങ്ങിച്ചിരുന്നു. ഇംഗ്ലീഷിൽ താൻ എഴുതി എം.ഒ.സി. ക്കു പ്രസിദ്ധീകരിക്കുവാൻ കൊടുത്തിരിക്കുന്ന സഭാചരിത്ര രചനയിൽ *കണ്ടനാട് ഗ്രന്ഥവരി* വളരെ പ്രയോജനപ്പെട്ടു എന്ന് പണ്ഡിതനായ ബേബി വർഗീസ് അച്ചൻ കഴിഞ്ഞ ദിവസം പറഞ്ഞു കേട്ടപ്പോൾ സന്തോഷം തോന്നി. ചീരനച്ചൻ രചിച്ച സഭാചരിത്ര ഗ്രന്ഥങ്ങളിൽ, അദ്ദേഹം കണ്ടെത്തിയ രേഖകളുടെ പശ്ചാത്തലത്തിൽ നടത്തിയ നിഗമനങ്ങളും അഭ്യൂഹങ്ങളും നമുക്ക് വേണമെങ്കിൽ നിരാകരിക്കാം. പക്ഷേ അപ്പോഴും ആ ചരിത്രരേഖകളുടെ മൂല്യം അവഗണിക്കുവാനാവില്ല. ഇട്ടൂപ്പ് മുതൽ പാറേട്ട് വരെയുള്ള ചരിത്രഗ്രന്ഥങ്ങളിൽ കുടുങ്ങിക്കിടക്കാതെ ചീരനച്ചന്റെ ഗ്രന്ഥങ്ങളിലെ ചരിത്രരേഖകളുടെ കൂടെ പശ്ചാത്തലത്തിൽ വേണം പുതിയ ചരിത്രരചനകൾ നടക്കാൻ.

ചീരനച്ചൻ സഭാചരിത്ര ഗവേഷണ രംഗത്തു വന്ന 1990-കളുടെ ആദ്യം തന്നെയാണ് ഡോ. എം. കുര്യൻ തോമസ്, വർഗീസ് ജോൺ തോട്ടപ്പുഴ, ജോയ്സ് തോട്ടയ്ക്കാട് എന്നിവരുടെ സൗഹൃദം ഉണ്ടാകുന്നതും സഭാചരിത്ര ഗവേഷണ രംഗത്ത് അവരുടെ കൂട്ടായ ഗവേഷണം ആരംഭിക്കുന്നതും. മൂന്നര പതിറ്റാണ്ടായ ആ കൂട്ടായ്മയുടെ ഫലമായി ഒട്ടേറെ പുരാതന രേഖകളും പഴയ ഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടു. *നിരണം ഗ്രന്ഥവരി* മുതൽ ഭരണഘടനയുടെയും മലങ്കര അസോസ്യേഷന്റെയും സഭാകേസുകളുടെയും ചരിത്രങ്ങളും പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞു. ഞങ്ങളിൽ ഡോ. എം. കുര്യൻ തോമസ് അന്നുമിന്നും ചീരനച്ചന്റെ വിമർശകനാണ്. അച്ചന്റെ ചില കണ്ടെത്തലുകളും നിഗമനങ്ങളും തെറ്റാണെന്ന് സ്ഥാപിക്കുവാൻ അദ്ദേഹം പല വാദമുഖങ്ങളും എഴുതിയിട്ടുണ്ട്. പക്ഷേ കാലാന്തരത്തിൽ അച്ചന്റെ ചില വാദങ്ങൾ അതേപടി അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ കണ്ടിട്ടുമുണ്ട്. ചരിത്രമെഴുതുന്നത് രേഖകളുടെയും വസ്തുതകളുടെയും പിൻബലത്തിലാകണം; മറ്റൊരു ചരിത്രകാരന്റെ നിഗമനങ്ങളെ ഖണ്ഡിക്കുവാൻ മാത്രമാകരുത് എന്നാണ് പുതിയ ഗവേഷകരോട് പറയാനുള്ളത്.

അച്ചന്റെ കാഴ്ചശക്തി കുറഞ്ഞുകൊണ്ടിരുന്ന സമയത്താണ് പഴഞ്ഞി പള്ളിയുടെ ചരിത്രം ഡി.റ്റി.പി. ചെയ്യാൻ തന്നത്. പ്രൂഫ് നോക്കി കൊടുത്തിട്ട് കുറെ വർഷങ്ങളായെങ്കിലും ആ ഗ്രന്ഥം ഇതുവരെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല. *സഭാചരിത്ര വിജ്ഞാനകോശ*ത്തിന്റെ പുതിയ പതിപ്പ് പ്രസിദ്ധീകരിക്കുവാൻ ആഗ്രഹിച്ച് പ്രൂഫ് നോക്കി തന്നെങ്കിലും അതും പ്രസിദ്ധീകരിക്കുവാൻ സാധിച്ചില്ല. അച്ചന്റെ ഔട്ട് ഓഫ് പ്രിന്റ് ആയ ഗ്രന്ഥങ്ങളുടെ പുതിയ പതിപ്പുകൾ പ്രസിദ്ധീകരിക്കുവാൻ സാധിച്ചാൽ പുതിയ ചരിത്രഗവേഷകർക്കും പുതിയ തലമുറയ്ക്കും അത് വെളിച്ചം പകരും.

മലങ്കരസഭാ ചരിത്രഗവേഷണ രംഗത്തെ ഈ അപൂർവ്വ പ്രതിഭയ്ക്ക് അശീതി നിറവിൽ എല്ലാ നന്മകളും നേരുന്നു. അച്ചന്റെ പാരമ്പര്യം പേറുന്ന ഒരു പിൻഗാമിക്കായി പ്രതീക്ഷിക്കുന്നു. ❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



ഹുൽദ പ്രവാചകി

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

ആശയക്കുഴപ്പം, പാപം, ആത്മീയ തകർച്ച എന്നിവയുടെ കാലഘട്ടത്തിൽ ദൈവത്തിന്റെ സന്ദേശവാഹകരായി സേവനമനുഷ്ഠിച്ച നിരവധി പ്രവാചകന്മാരെയും പ്രവാചകിമാരെയും ബൈബിൾ നമ്മെ പരിചയപ്പെടുത്തുന്നുണ്ട്. അവരിൽ, ഹുൽദ പ്രവാചകി പ്രധാനപ്പെട്ട ഒരു വ്യക്തിയായി വേറിട്ടു നിൽക്കുന്നു. യോശിയാവ് രാജാവിന്റെ ഭരണകാലത്ത് 2 രാജാക്കന്മാർ 22:14-20 ൽ അവളേക്കുറിച്ച് പരാമർശിച്ചിരിക്കുന്നു.

വളരെ ചെറുപ്പത്തിൽ തന്നെ യഹൂദയിലെ രാജാവായ യോശിയാവ് രാജാവ്, പൂർണ്ണഹൃദയത്തോടെ ദൈവത്തെ പിന്തുടരാൻ ആഗ്രഹിച്ചു. ദേവാലയത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനിടയിൽ, മഹാപുരോഹിതനായ ഹിൽക്കിയാവ് വർഷങ്ങളോളം മറന്നുപോയിരുന്ന ന്യായപ്രമാണപുസ്തകം കണ്ടെത്തി. യോശീയാവിന്റെ മുമ്പാകെ ആ പുസ്തകം വായിച്ചു കേൾപ്പിച്ചപ്പോൾ, തന്റെ ജനം ദൈവത്തിനെതിരെ ആഴത്തിൽ പാപം ചെയ്തിട്ടുണ്ടെന്ന് അയാൾക്ക് മനസ്സിലായി. ദൈവകോപം ഭയന്ന്, അവൻ തന്റെ ഉദ്യോഗസ്ഥരെ യഹോവയോട് ഒരു വാക്ക് ചോദിക്കാൻ അയച്ചു. അക്കാലത്തെ അറിയപ്പെടുന്ന പ്രവാചകന്മാരായ യിരെമ്യാവിന്റെയോ സെഫന്യാവിന്റെയോ അടുക്കലേക്ക് പോകുന്നതിനു പകരം, അവർ പ്രവാചകിയായ ഹുൽദയുടെ അടുക്കലേക്ക് പോയി.

ബൈബിളിൽ അവളുടെ പങ്ക് ഏതാനും വാക്യങ്ങളിൽ മാത്രമേ വിവരിച്ചിട്ടുള്ളൂവെങ്കിലും, അവളുടെ സ്വാധീനം ശ്രദ്ധേയമാണ്. അവൾ ധൈര്യവും വിശ്വസ്തതയും ജ്ഞാനവും ഉള്ളവളായിരുന്നു. യോശീയാവ് രാജാവിനുള്ള അവളുടെ സന്ദേശത്തിൽ ദൈവത്തിന്റെ നീതി, കരുണ, എളിമയുടെ പ്രാധാന്യം എന്നിവ കാണിക്കുന്നു.

ഹുൽദയുടെ പശ്ചാത്തലം

യോശീയാവ് രാജാവിന്റെ ഭരണകാലത്ത് ഹുൽദ യരുശലേമിലാണ് താമസിച്ചിരുന്നത്. രാജാവിന്റെ വസ്ത്രധാരണ സൂക്ഷിപ്പുകാരനായ ഷാല്ലൂമിനെയാണ് അവൾ വിവാഹം കഴിച്ചത് (2 രാജാക്കന്മാർ 22:14). ഒരു പുരോഹിതന്റെയോ പ്രവാചകന്റെയോ അത്ര ഉന്നതമല്ലെങ്കിലും അവളുടെ ഭർത്താവ് കൊട്ടാരത്തിൽ ബഹുമാന്യമായ ഒരു സ്ഥാനം വഹിച്ചിരുന്നു എന്നാണ്, ഇതിനർത്ഥം.

സ്ത്രീകൾക്ക് പലപ്പോഴും നേതൃത്വപരമായ പങ്കാളിത്തം നൽകാത്ത ഒരു സമൂഹത്തിൽ ജീവിച്ചിരുന്നിട്ടും, ഹുൽദയെ കർത്താവിന്റെ പ്രവാചകിയായി അംഗീകരിച്ചിരുന്നു. ആളുകൾ അവളുടെ ആത്മീയ അധികാരത്തെ ബഹുമാനിച്ചു. അവളുടെ ദാനവും വിളിയും അവളുടെ സാമൂഹിക പദവിയെ അടിസ്ഥാനമാക്കിയുള്ളതല്ല, മറിച്ച് ദൈവത്തിന്റെ തിരഞ്ഞെടുപ്പിനെ അടിസ്ഥാനമാക്കിയുള്ളതാണെന്ന് ഇത് കാണിക്കുന്നു.

അവൾ സാധാരണക്കാർ താമസിക്കുന്ന സ്ഥലമായ ജറുസലേമിന്റെ രണ്ടാം പാദത്തിൽ താമസിച്ചു. കൊട്ടാരത്തിലോ ക്ഷേത്രത്തിലോ ഒളിഞ്ഞിരിക്കാതെ, ആളുകൾക്ക് സമീപിക്കാവുന്നവളും അറിയപ്പെടുന്നവളുമായിരുന്നു അവൾ എന്ന് ഇത് സൂചിപ്പിക്കുന്നു. ദൈവത്തിന്റെ ശബ്ദം അപ്രതീക്ഷിത സ്ഥലങ്ങളിൽ നിന്ന് വരുമെന്ന് അവളുടെ സാന്നിധ്യം കാണിക്കുന്നു.

1 ദൈവത്തോടുള്ള വിശ്വസ്തത

ഹുൽദയുടെ ഏറ്റവും പ്രധാനപ്പെട്ട സ്വഭാവം ദൈവത്തോടുള്ള വിശ്വസ്തതയായിരുന്നു. അവൾ സ്വന്തം ചിന്തകൾ പറയുകയോ രാജാവിനെ പ്രീതിപ്പെടുത്താൻ ശ്രമിക്കുകയോ ചെയ്തില്ല. പകരം, ദൈവം അവളോട് പറയാൻ പറഞ്ഞത് അവൾ കൃത്യമായി അറിയിച്ചു.

യോശീയാവിന്റെ ഉദ്യോഗസ്ഥർ ന്യായപ്രമാണപുസ്തകവുമായി അവളുടെ അടുക്കൽ വന്നപ്പോൾ, വാക്കുകൾ സത്യമാണെന്ന് അവൾ സ്ഥിരീകരിച്ചു.



ആളുകൾ അവനെ ഉപേക്ഷിച്ചതിനാലും, വിഗ്രഹങ്ങളെ ആരാധിച്ചതിനാലും, അവന്റെ ഉടമ്പടി അവഗണിച്ചതിനാലും ദൈവത്തിന്റെ ന്യായവിധി യഹൂദയുടെ മേൽ വരുമെന്ന് അവൾ ധൈര്യത്തോടെ പ്രഖ്യാപിച്ചു.

ദൈവത്തിന്റെ യഥാർത്ഥ വിശ്വസ്തന്മാർ സത്യം സംസാരിക്കുന്നു, അത് ബുദ്ധിമുട്ടുള്ളതോ ജനപ്രീതിയില്ലാത്തതോ ആണെങ്കിൽ പോലും. ഹുൽദയുടെ വിശ്വസ്തത മണ്ണിലെ അധികാരത്തോടല്ല, വിണ്ണിലെ ദൈവത്തോട് മാത്രമായിരുന്നു.

2. ധൈര്യവും തീക്ഷ്ണതയും

ഇത്രയും കഠിനമായ സന്ദേശം നൽകാൻ ഹുൽദയ്ക്ക് വലിയ ധൈര്യം ആവശ്യമായിരുന്നു. തന്റെ വാക്കുകൾ ഉടൻ തന്നെ ജോശീയാവിൽ തന്നെ എത്തുമെന്ന് അറിഞ്ഞുകൊണ്ട് അവൾ രാജാവിന്റെ പ്രതിനിധികളോട് സംസാരിക്കുകയായിരുന്നു. ബൈബിളിലെ പല പ്രവാചകന്മാരെയും ന്യായവിധി സന്ദേശങ്ങൾ നൽകിയതിന് നിരസിക്കുകയോ പരിഹസിക്കുകയോ കൊല്ലുകയോ ചെയ്തു. എന്നാൽ ഹുൽദ മടിച്ചില്ല. “കർത്താവ് പറയുന്നത് ഇതാണ്” എന്ന് അവൾ വ്യക്തമായി പറഞ്ഞു. ആളുകളെ ഭയക്കുന്നതിനേക്കാൾ ദൈവത്തിൽ അവൾ വിശ്വസിച്ചിരുന്നുവെന്ന് അവളുടെ ധൈര്യം കാണിക്കുന്നു.

ആത്മീയ നേതാക്കൾ ചിലപ്പോൾ അസ്വസ്ഥത ഉളവാക്കുന്ന സത്യങ്ങൾ സംസാരിക്കണമെന്ന് ഇത് തെളിയിക്കുന്നതിനാൽ ഈ ധൈര്യം പ്രധാനമാണ്. ഹുൽദ ദൈവത്തിന്റെ സന്ദേശത്തെ മയപ്പെടുത്തുകയോ പ്രീതി നേടുന്നതിനായി അതിനെ വളച്ചൊടിക്കുകയോ ചെയ്തില്ല. പകരം, അവൾ അത് ധൈര്യത്തോടെയും വ്യക്തതയോടെയും അവതരിപ്പിച്ചു.

3. ജ്ഞാനവും വിവേകവും

ഹുൽദ വലിയ ജ്ഞാനവും വിവേകവും പ്രകടിപ്പിച്ചു. അവൾ ദൈവത്തിന്റെ ന്യായവിധി പ്രഖ്യാപിക്കുക മാത്രമല്ല, അത് വരുന്നതിന്റെ കാരണവും വിശദീകരിച്ചു. യഹൂദയുടെ പാപങ്ങളെ ദൈവത്തിന്റെ നിയമത്തോടുള്ള അവരുടെ അനുസരണക്കേടുമായി അവൾ നേരിട്ട് ബന്ധിപ്പിച്ചു.

അതേസമയം, അവൾ ജ്ഞാനപൂർവ്വം ഒരു വ്യക്തിപരമായ സന്ദേശം യോശിയാവ് രാജാവിന് കൈമാറി. യോശിയാവ് തന്നെത്തന്നെ താഴ്ത്തി, ദുഃഖത്തിൽ വസ്ത്രം കീറി, കർത്താവിന്റെ മുമ്പാകെ കരഞ്ഞതിനാൽ, ജനതയുടെ മേൽ വരാനിരിക്കുന്ന ദുരന്തം കാണാൻ അവൻ ജീവിച്ചിരിക്കില്ലെന്ന് ദൈവം വാഗ്ദാനം ചെയ്തു. ന്യായവിധിയെ കരുണയുമായി സന്തുലിതമാക്കുന്നതിലാണ് ഹുൽദയുടെ ജ്ഞാനം പ്രകടമായത്.

ഒരു യഥാർത്ഥ പ്രവാചകൻ/പ്രവാചകി മുന്നറിയിപ്പ് നൽകുക മാത്രമല്ല, ആശ്വസിപ്പിക്കുകയും ചെയ്യുന്നുവെന്ന് ഇത് നമ്മെ കാണിക്കുന്നു. ആളുകൾ ദുഃഖിതരോ ഭയപ്പെടുന്നവരോ ആയിരിക്കുമ്പോൾ അവർ ആശ്വാസവും പ്രത്യാശയും നൽകുന്നു. ജ്ഞാനിയായ ഒരു നേതാവിന് ഒരാളെ തിരുത്താനുള്ള ശരിയായ സമയവും അവരെ പ്രോത്സാഹിപ്പിക്കാനുള്ള ശരിയായ സമയവും അറിയാം. തിരുത്തൽ ആളുകളെ മാറ്റാൻ സഹായിക്കുന്നു, പ്രോത്സാഹനം അവർക്ക് മുന്നോട്ട് പോകാനുള്ള ശക്തി നൽകുന്നു. മറ്റുള്ളവരെ ശരിയായ വഴിയിലേക്ക് നയിക്കുന്നതിന് രണ്ടും പ്രധാനമാണ്. എപ്പോൾ തിരുത്തണമെന്നും എപ്പോൾ പ്രോത്സാഹിപ്പിക്കണമെന്നും ഒരു നേതാവിന് അറിയാൻ അവന്റെ ജ്ഞാനം സഹായിക്കുന്നു.

4. എളിമയും സേവനവും

ഹുൽദയുടെ മറ്റൊരു സവിശേഷത അവളുടെ എളിമയാണ്. ദൈവത്തിന്റെ പ്രവാചകിയായി തിരഞ്ഞെടുക്കപ്പെട്ടെങ്കിലും, അവൾ തന്റെ സ്ഥാനത്തെക്കുറിച്ച് വീമ്പിളക്കുകയോ ബഹുമാനം ആവശ്യപ്പെടുകയോ ചെയ്തില്ല. അവൾ ദൈവത്തെ ശ്രദ്ധിക്കുകയും വിശ്വസ്തതയോടെ അവന്റെ വാക്കുകൾ കൈമാറുകയും ചെയ്തു.

പുരോഹിതന്മാരെയോ രാജാവിനെയോ മാറ്റിസ്ഥാപിക്കാൻ അവൾ ശ്രമിച്ചില്ല, മറിച്ച് നിശബ്ദമായും വിശ്വസ്തതയോടെയും തന്റെ ചുമതല അനുഷ്ഠിച്ചു. ദൈവത്തിന്റെ ദൃഷ്ടിയിൽ യഥാർത്ഥ മഹത്വം എന്നത് സ്ഥാനമോ പ്രശസ്തിയോ അല്ല, മറിച്ച് അനുസരണവും സേവനവുമാണ് എന്ന് അവളുടെ എളിമ നമുക്ക് കാണിച്ചു തരുന്നു.

ഹുൽദയുടെ സന്ദേശത്തിൽ രണ്ട് പ്രധാന ഭാഗങ്ങളുണ്ട്. ഒന്ന് ദൈവത്തിന്റെ ന്യായവിധി ഉറപ്പാണ് എന്നതാണ്. യഹൂദയുടെ മേൽ ദൈവക്രോധം വരുമെന്ന് ഹുൽദ വ്യക്തമായി പ്രഖ്യാപിച്ചു. ആളുകൾ ദൈവത്തെ ഉപേക്ഷിച്ചു, വിഗ്രഹങ്ങളെ ആരാധിച്ചു, അവന്റെ കൽപ്പനകൾ ലംഘിച്ചു. അതിനാൽ, അവരുടെ മേൽ നാശം വരുമായിരുന്നു, എന്നാൽ അത് തടയാൻ യാതൊന്നിനും കഴിയില്ല.

ഇത് നമ്മെ പഠിപ്പിക്കുന്നത് ദൈവം വിശുദ്ധനാണെന്നും പാപത്തെ ഗൗരവമായി കാണുന്നു എന്നുമാണ്. അവൻ അനുസരണക്കേടിനെ അവഗണിക്കുന്നില്ല. ആളുകൾ നിരന്തരം അവനിൽ നിന്ന് അകന്നുപോകുമ്പോൾ, ന്യായവിധി പിന്തുടരുന്നു. വ്യക്തികൾക്കും രാഷ്ട്രങ്ങൾക്കും പാപത്തിന് അനന്തരഫലങ്ങളുണ്ടെന്ന് ഹുൽദ നമ്മെ ഓർമ്മിപ്പിക്കുന്നു.

രണ്ട് ദൈവം താഴ്മയെയും അനുതാപത്തെയും ബഹുമാനിക്കുന്നു എന്നതാണ്. ന്യായവിധി ഉറപ്പായിരുന്നെങ്കിലും, ഹുൽദ യോശീയാവ് രാജാവിനു വേണ്ടി കരുണയുടെ ഒരു സന്ദേശവും നൽകി. യോശീയാവ് തന്നെത്തന്നെ താഴ്ത്തി, അനുതപിച്ച്, ആത്മാർത്ഥതയോടെ കർത്താവിനെ അന്വേഷിച്ചതിനാൽ, ദുരന്തം കാണുന്നതിൽ നിന്ന് അവൻ ഒഴിവാക്കപ്പെട്ടു.

ദൈവം കരുണയുള്ളവനാണെന്നും എളിമയുള്ള ഹൃദയത്തോട് പ്രതികരിക്കുന്നവനാണെന്നും ഇത് നമ്മെ കാണിക്കുന്നു. ന്യായവിധിയുടെ സമയങ്ങളിൽ പോലും, മാനസാന്തരപ്പെട്ട് തന്നിലേക്ക് തിരിയുന്ന ആളുകളെ ദൈവം അന്വേഷിക്കുന്നു. ഹുൽദയുടെ വാക്കുകൾ എളിമയുടെയും പ്രാർത്ഥനയുടെയും ദൈവത്തിന്റെ ക്ഷമ തേടലിന്റെയും പ്രാധാന്യത്തെ എടുത്തുകാണിക്കുന്നു.

പ്രവാചകിയായ ഹുൽദ ബൈബിളിലെ മറ്റ് പ്രവാചകന്മാരെപ്പോലെ പ്രശസ്തയല്ലായിരിക്കാം, പക്ഷേ യോശിയാവ് രാജാവിന്റെ കഥയിലെ അവളുടെ പങ്ക് ശക്തവും പ്രധാനപ്പെട്ടതുമാണ്. അവൾ വിശ്വസ്തത, ധൈര്യം, ജ്ഞാനം, വിനയം എന്നിവ പ്രകടിപ്പിച്ചു. ന്യായവിധിയേയും കരുണയേയും പറ്റി അവൾ നല്കിയ സന്ദേശം ഇന്നും നമ്മോട് സംസാരിക്കുന്നു.


ദൈവം പാപത്തെ ഗൗരവമായി കാണുന്നുവെന്നും താഴ്മയെയും അനുതാപത്തെയും ബഹുമാനിക്കുന്നുവെന്നും അവളുടെ ജീവിതത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കാം. തന്റെ സത്യം അറിയിക്കാൻ സ്ഥാനമോ ലിംഗഭേദമോ പശ്ചാത്തലമോ പരിഗണിക്കാതെ ആരെയും ദൈവത്തിന് ഉപയോഗിക്കാൻ കഴിയുമെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു.

ദൈവത്തിന്റെ വിശ്വസ്ത ദാസനായിരിക്കാൻ എങ്ങനെ കഴിയുമെന്നതിന്റെ തിളക്കമുള്ള ഉദാഹരണമാണ് ഹുൽദയുടെ ജീവിതം. കേൾക്കുക, അവന്റെ വചനം ധൈര്യത്തോടെ സംസാരിക്കുക, അവനിൽ പൂർണ്ണമായി വിശ്വസിക്കുക. സത്യസന്ധതയോടെ ജീവിക്കാനും പാപത്തെക്കുറിച്ച് അനുതപിക്കാനും നമ്മുടെ പൂർണ്ണഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കാനും അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

യോശിയാവ് രാജാവ് ഹുൽദയുടെ വാക്കുകൾ ശ്രദ്ധാപൂർവ്വം ശ്രദ്ധിച്ചതുപോലെ, ഇന്ന് നാമും ദൈവത്തിന്റെ വചനത്തിൽ കാണപ്പെടുന്നതും അവന്റെ ആത്മാവിലൂടെ പറയപ്പെടുന്നതുമായ ദൈവത്തിന്റെ മൃദു സ്വരം ശ്രദ്ധിക്കണം. അങ്ങനെ ചെയ്താൽ, നാം അവന്റെ സത്യത്തിൽ നടക്കുകയും അവന്റെ കരുണ അനുഭവിക്കുകയും ചെയ്യും. ❑



ലോക ഹൃദയ ദിനത്തോട് അനുബന്ധിച്ച് പാറേട്ട് മാർ ഈവാനിയോസ് ആശുപത്രിയും പരുമല ആശുപത്രിയും ചേർന്നൊരുക്കിയ ഹൃദയ ആരോഗ്യ ക്യാമ്പും ബോധവൽക്കരണ ക്ലാസും പുതുപ്പള്ളി പഞ്ചായത്ത് വൈസ് പ്രസിഡൻറ് പ്രദീപ് ചക്കാലയിൽ ഉദ്ഘാടനം ചെയ്തു. ആശുപത്രി സെക്രട്ടറി ഫാ. കെ എം സക്കറിയ അധ്യക്ഷത വഹിച്ചു. സി.എം.ഒ. ഡോ. സി. പി. ജോയ്, പരുമല ആശുപത്രി കാർഡിയോളജി വിഭാഗം ഡോ. ജേക്കബ് പി ബ്രൈറ്റ്, ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ ചെറിയാൻ ഫിലിപ്പ്, അസിസ്റ്റൻറ് സെക്രട്ടറി ഫാ. കുര്യാക്കോസ് മാണി, ഡോ. ജേക്കബ് പി. ബ്രൈറ്റ്, ഡോ. ഫിലിപ്പോസ് ജോൺ എന്നിവർ ഹൃദയ ആരോഗ്യ ക്യാമ്പിന് നേതൃത്വം നൽകി. ക്യാമ്പിന് പങ്കെടുത്ത എല്ലാവർക്കും സൗജന്യ കൺസൾട്ടേഷനും, മറ്റ് ടെസ്റ്റുകൾക്ക് 50 ശതമാനം കിഴിവും ലഭിച്ചു.



ഫാ. ഡോ. ചെറിയാൻ പുതിയവീട്ടിൽ അന്തരിച്ചു

യു.എസ്.എ.: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ സീനിയർ വൈദികനും, എം.ജി.ഒ.സി.എസ്.എം. മുൻ ജനറൽ സെക്രട്ടറിയുമായിരുന്ന ഫാ. ഡോ. ചെറിയാൻ പുതിയവീട്ടിൽ അമേരിക്കയിലെ മിനസോട്ടയിൽ അന്തരിച്ചു. ചെങ്ങരൂർ പുതുശേരി പുതിയവീട്ടിൽ കുടുംബാംഗമാണ്. സംസ്കാര ശുശ്രൂഷകൾ മിനസോട്ടയിൽ വെച്ച് പിന്നീട് നടത്തപ്പെടുന്നതാണ്.

വചനതീർത്ഥം



സ്ലീബായ്ക്കുശേഷം മൂന്നാം ഞായർ

(വി. ലൂക്കോസ് 16:1–13)

ഫാ. മോൻസി ഫിലിപ്പ്

അനീതിയുള്ള കാര്യവിചാരകന്റെ ഉപമയാണ് ഇന്നത്തെ വേദഭാഗം വി. ലൂക്കോസ് 16:1–13. കാര്യവിചാരകൻ അവിശ്വസ്തനാണെന്നും, തന്റെ സ്വത്തുക്കൾ പാഴാക്കുന്നു എന്നും യജമാനൻ കേൾക്കുന്നു. അവൻ തന്റെ ഭാവി ചിന്തിച്ചു യജമാനന്റെ കടക്കാരിൽ ഓരോരുത്തനെ വരുത്തി അവരുടെ കടം രേഖകളിൽ കുറവു വരുത്തി അവരോട് ദയ കാണിച്ചു. യജമാനൻ അവന്റെ ബുദ്ധിയെ പ്രശംസിച്ചു. യേശു പറഞ്ഞു, "വെളിച്ചമക്കളെക്കാൾ ഈ ലോകത്തിന്റെ മക്കൾ തങ്ങളുടെ തലമുറയിൽ ബുദ്ധിയേറിയവരല്ലോ. അനീതിയുള്ള മാമ്മോനെക്കൊണ്ടു നിങ്ങൾക്കു സ്നേഹിതരെ ഉണ്ടാക്കികൊള്ളുവീൻ." അല്പത്തിൽ നീതികെട്ടവൻ അധികത്തിലും നീതികെട്ടവൻ. രണ്ട് യജമാനനെ സേവിക്കുവാൻ, ഒരു ഭൃത്യനും കഴിയുകയില്ല. നിങ്ങൾക്ക് ദൈവത്തേയും മാമോനേയും സേവിക്കുവാൻ കഴിയുകയില്ല. ഇതാണ് വേദഭാഗ സാരം.

വേദഭാഗ ചിന്തകൾ

ജീവിതം – ദൈവം ഏല്പിച്ചിരിക്കുന്ന കാര്യവിചാരകത്വം.

മനുഷ്യന്റെ ജീവിതം ദൈവം മനുഷ്യനെ ഭരമേൽപ്പിച്ചിരിക്കുന്ന കാര്യവിചാരകത്വമാണ്. അത് സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുകയും വിശ്വസ്തതയോടെ ജീവിക്കുകയും ചെയ്യേണ്ടത് ഉത്തരവാദിത്വമാണ്. ഇവിടെ "ധനവാനായ ഒരു മനുഷ്യന് ഒരു കാര്യവിചാരകൻ ഉണ്ടായിരുന്നു" (വി. ലൂക്കോസ് 16:1). ആ ധനവാനായ മനുഷ്യൻ ദൈവമാണ്. ദൈവം കാര്യവിചാരകരായ മനുഷ്യനിൽ നിന്ന് ചിലത് ആഗ്രഹിക്കുന്നു.

"ഗൃഹവിചാരകന്മാരിൽ അന്വേഷിക്കുന്നതോ അവർ വിശ്വസ്തരായിരിക്കേണം എന്നത്രേ." 1 കൊരി. 4:2.

ക്രിസ്തീയ കാര്യസ്ഥത – 1 പത്രോസ് 4:10–ൽ പറയുന്നു.

"ഓരോരുത്തനും വരം ലഭിച്ചതുപോലെ വിവിധമായുള്ള ദൈവകൃപയുടെ നല്ല ഗൃഹവിചാരകന്മാരായി അതിനെകൊണ്ട് അന്യോന്യം ശുശ്രൂഷിപ്പീൻ."

സ്നേഹത്താൽ ദൈവം തന്ന ജീവിതം എന്ന കാര്യവിചാരകത്വം നിർവ്വഹിക്കണം. കാര്യവിചാരകന് ചില ഉത്തരവാദിത്വങ്ങൾ ഉണ്ട്.

1. വിശ്വസ്ത (Faithfullness)
2. കണക്കു കൊടുക്കേണ്ട ഉത്തരവാദിത്വം (Accountability)
3. സേവന മനോഭാവം (Service mindedness)
4. വൈജ്ഞാനികമായ കൈകാര്യം (Wise Management)
5. ഉത്തരവാദിത്വത്തിന്റെ തോത് (Level of Responsibility)

ആത്മീയ സഭാ പശ്ചാത്തലത്തിൽ

1. ജീവിതം – ദൈവം തന്ന ജീവൻ വിശുദ്ധമായി സൂക്ഷിക്കുക.

2. സമയം – ഇതു ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചു കൊള്ളുവിൻ. എഫെ. 5:16.

3. കുടുംബം– മാതാപിതാക്കൾക്കു കുട്ടികളെ വിശ്വാസത്തിൽ വളർത്തേണ്ട ഉത്തരവാദിത്വം.

4. സഭ – വി. കുർബ്ബാന, സേവനം, സുവിശേഷ പ്രവർത്തനങ്ങളിൽ എല്ലാം കാര്യവിചാരകത്വം ഉണ്ടാകണം.

5. പ്രകൃതി – സൃഷ്ടിയെ സംരക്ഷിക്കുന്നതിൽ കാര്യവിചാരകനാകണം.

നാം വിശ്വസ്തരാകുമ്പോൾ ആണ് നല്ല മനുഷ്യനായി നാം തീരുന്നത്. ഇവിടെ ഉപമയിൽ കാര്യവിചാരകൻ തന്റെ ജീവിതം മാത്രം ലക്ഷ്യംവച്ചു ഉത്തരവാദിത്വത്തിൽ നിന്ന് മാറി പ്രവർത്തിച്ചു. അതിനാൽ കാര്യവിചാരകത്വത്തിൽ നിന്ന് പുറത്താക്കപ്പെട്ടു. എന്നാൽ അവൻ ബുദ്ധിയോടെ പ്രവൃത്തിച്ചു എന്നത് മറ്റൊരു വശം.

ജീവിതത്തിൽ നാം കുറെക്കൂടെ വിശ്വസ്തരാകണം. അത് ദൈവം ദാനം നൽകിയ ഉത്തരവാദിത്വം എന്ന ബോധ്യം നമ്മിൽ ജനിക്കണം.

1. ദൈവദത്തമായ ആത്മികവും, ലൗകികവുമായ കഴിവുകൾ ദുർവിനിയോഗം ചെയ്യുവാനല്ല എന്ന് ഓർക്കണം. ദൈവദത്തമായ കഴിവുകൾ എങ്ങനെ നാം വിനിയോഗം ചെയ്യുന്നുവെന്ന് ചിന്തിക്കുക.

2. ദുർവിനിയോഗം മറഞ്ഞിരിക്കുകയില്ല. യജമാനസവിധം വെളിവാക്കപ്പെടും

3. യജമാനനിൽ നിന്ന് വിശദമായ വിവരങ്ങൾ ആവശ്യപ്പെടും.

"ഒരു ഭക്തൻ പറഞ്ഞിട്ടുണ്ട്, ഒരു ദൈവദൂതൻ പ്രതിദിനം വന്ന് നമ്മുടെ ഡയറി പരിശോധിക്കുമെന്ന്."

"നമ്മുടെ ശരീരം, ആത്മാവ്, ധനം, സമയം എല്ലാം ദൈവത്തിന്റെ സ്വത്താണ്. അവയെല്ലാം വിശ്വസ്തമായി നടത്തണം." സെന്റ് ജോൺ ക്രിസോസ്റ്റം.

ഈ ഉപമയിലെ കാര്യസ്ഥൻ ചെയ്യേണ്ടിയിരുന്ന ചില വസ്തുക്കൾ

1. നല്ലവനായ യജമാനനോട് മാപ്പിരക്കേണ്ടിയിരുന്നു. ശിഷ്ടായുസ്സ് എന്തെങ്കിലും ജോലി ചെയ്ത് ജീവിക്കാം എന്ന് ചിന്തിക്കേണ്ടതിനു പകരം യജമാനന്റെ സമ്പത്ത് ചൂഷണം ചെയ്യുകയാണ് ചെയ്തത്.

2. അവൻ ജീവിതത്തിൽ വ്യതിയാനം വരുത്തുവാൻ മനസ്സില്ലാത്തവനായിരുന്നു. പാപത്തിൽ തന്നെ തുടർന്നു ജീവിക്കാമെന്ന പൈശാചികചിന്ത എത്ര ഹീനകരമാണ്.

3. അവൻ യജമാനന്റെ താല്പര്യങ്ങളെയും നിലനിൽപ്പിനെയും അവഗണിച്ചു. സ്വന്തം നിലനിൽപ്പിനുവേണ്ടി വഞ്ചന പ്രയോഗിച്ചു.

(II) ധനം – ഭൂമിയിലെ ദൈവരാജ്യത്തിനു വേണ്ടിയുള്ള ഉപകരണം.

'ധനം' ഒരു പരീക്ഷണവും അവസരവുമാണ്. സമ്പത്ത് നമ്മേ തെറ്റിലേയ്ക്ക് കൊണ്ടുപോകാം. എന്നാൽ അതേ സമ്പത്ത് ദൈവരാജ്യത്തിനായി, ദരിദ്രർക്കു കരുണയായി, സഭയ്ക്കു സേവനമായി ഉപയോഗിച്ചാൽ അത് നിത്യജീവിതത്തിലേക്കുള്ള കൂലി ആയിത്തീരും.

"സമ്പത്ത് നിന്റെ സ്വന്തമല്ല; അത് ദൈവത്തിന്റെ ഉടമസ്ഥതയിൽ നിന്നു നിനക്കു ഏല്പിച്ചിരിക്കുന്നു. നീ ദരിദ്രർക്കു നൽകി കഴിഞ്ഞാൽ നീ വിശ്വസ്തനായ കാര്യവിചാരകനായി തീരും."

ഈ ഉപമയിൽ കാര്യവിചാരകസ്ഥാനം നഷ്ടപ്പെടാതെ ഇരിക്കാൻ യജമാനന്റെ കടക്കാരെ വരുത്തി ഇളവു ചെയ്തു കൊടുത്തു. അവൻ ബുദ്ധിപൂർവ്വം ചെയ്ത പ്രവൃത്തി യജമാനനു ഇഷ്ടമായി. യജമാനനും ഇതുതന്നെയായിരുന്നിരിക്കാം ആഗ്രഹിച്ചത്.യജമാനൻ അവനെ പുകഴ്ത്തി. അവന്റെ കള്ളത്തരത്തെയല്ല, അവന്റെ വഴി വളഞ്ഞതാണെങ്കിൽപ്പോലും, ഉള്ള ദീർഘവീക്ഷണത്തെയാണ് ശ്ലാഘിച്ചത്. അനീതി ചെയ്യുന്ന കാര്യസ്ഥനെങ്കിലും ഭാവിക്കുവേണ്ടി അനീതിയാണ് പ്രവർത്തിച്ചതെങ്കിലും ശ്ലാഹിച്ചു.

"ദൂരദൃഷ്ടി – നിത്യത്തിനായുള്ള ഒരുക്കമാണ്. ലോകകാര്യങ്ങളിൽ നമ്മൾ എത്ര പദ്ധതികൾ ഒരുക്കുന്നു. എന്നാൽ നിത്യജീവിതം ലക്ഷ്യമാക്കി തയ്യാറെടുക്കുന്നവരിൽ പലപ്പോഴും നമ്മൾ പിന്നിലാണ്. സമ്പത്ത് സ്വഭാവത്തിൽ

തെറ്റല്ല, പക്ഷേ അത് നമ്മേ ദൈവത്തിൽ നിന്ന് അകലേക്കു കൊണ്ടുപോകുന്നു. ക്രിസ്തു ഇവിടെ ഓർമ്മപ്പെടുത്തുന്നു, "വെളിച്ചമക്കളെക്കാൾ ഈ ലോകത്തിന്റെ മക്കൾ തങ്ങളുടെ തലമുറയിൽ ബുദ്ധിയേറിയവരല്ലോ. അനീതിയുള്ള മാമോനെ കൊണ്ട് നിങ്ങൾക്കു സ്നേഹിതരെ ഉണ്ടാക്കിക്കൊള്ളുവീൻ.

ഈ ലോകത്തിന്റെ മക്കൾ - ജഡമയന്മാരായ പാപികൾ. ലൗകീക മേന്മയ്ക്കായി സമ്പാദിക്കുന്നവർ. പ്രകാശത്തിന്റെ മക്കൾ. നിത്യസൗഭാഗ്യത്തിനായി സർവ്വവും ത്യജിക്കുന്നവർ. നിങ്ങളുടെ ഈ തലമുറയിൽ ലോകപ്രകാരം ദൈവ ദൃഷ്ടിയിലല്ല. ഒന്നാമത്തെ കൂട്ടരാണ് ബുദ്ധിമാന്മാർ. കണ്ണ് കണ്ടിട്ടില്ലാത്തതും ചെവി കേട്ടിട്ടില്ലാത്തതും ഹൃദയം കൊണ്ട് സങ്കൽപിക്കാവുന്നതല്ലാത്തതുമായ "ഒന്നിനുവേണ്ടി" ലോകമോഹങ്ങളെ സംത്യജിക്കുന്നവരെ മൂഢന്മാരായി ഈ തലമുറ ലോകം മുദ്രകുത്തുന്നു. മറ്റൊരു വിധത്തിലും വീക്ഷിക്കപ്പെടുന്നു. അതായത് 'ലോകത്തിന്റെ മക്കൾ'ഈ ലോകത്തെ സ്നേഹിക്കുന്നതിൽ കാണിക്കുന്ന ഉത്സാഹം, പ്രകാശത്തിന്റെ മക്കൾ ദൈവസേവനത്തിനായി കാണിക്കുന്നില്ല. നമ്മുടെ ലൗകിക പ്രവർത്തനങ്ങളിൽ പ്രകടമാക്കുന്ന സമയവും പരിശ്രമവും ആത്മീകത്തിൽ കാണിക്കുന്നവരാണ് യഥാർത്ഥ ക്രൈസ്തവർ.

"നിത്യജീവിതം ലക്ഷ്യമാക്കി ജീവിക്കാത്തവരുടെ ബുദ്ധി ലോകത്തിൽ മാത്രം ഒതുങ്ങുന്നു. ക്രിസ്തുവിന്റെ ശിഷ്യൻ ഭാവിയുടെ വെളിച്ചം മുൻകൂട്ടി കാണുന്നവനാകണം.

അങ്ങനെയുള്ളവൻ അധികത്തിലും വിശ്വസ്തൻ എന്ന പേരിന് യോഗ്യനാകും.

"ചെറിയ കാര്യങ്ങളിൽ തന്നെ വിശ്വസ്തത കാണിക്കാത്തവർ, വലിയ കാര്യങ്ങളിൽ വിശ്വസ്തരാവാൻ കഴിയില്ല.ചെറിയ കാര്യങ്ങളിൽ അവിശ്വസ്തത-വലിയ കാര്യങ്ങളിലെ നാശത്തിന്റെ വിത്താണ്. സെന്റ് അഗസ്റ്റിൻ.

അനീതിയുള്ള മാമോൻ

സിറിയക്കാർ 'മാമോനെ' സമ്പത്തുണ്ടാക്കുന്ന ദേവനായി ആരാധിച്ചിരുന്നു. യിസ്രായേൽ ജനം ആരാധിച്ചിരുന്നില്ലെങ്കിലും 'മാമോൻ' എന്നത് ധനത്തിന്റെ പര്യായമായി ഉപയോഗിച്ചിരുന്നു. ധനദേവത എന്ന അർത്ഥത്തിൽ മാമോനെ സേവിക്കുന്നവർക്ക് ദൈവത്തെ ദൈവമായി കാണാൻ കഴിയില്ല. അനീതിയുള്ള മാമോൻ എന്ന് കർത്താവ് പറയുന്നത്. അനീതിയായി സമ്പാദിച്ച ദ്രവ്യം എന്നല്ല. "അനീതിയുള്ള" - എന്നു പറഞ്ഞാൽ അനീതി വരുത്താൻ പ്രേരകമായ ദ്രവ്യത്തെ എങ്ങനെ ഉപയോഗിക്കണം.

നിത്യതയെപ്രതി, ഇഹത്തിൽ ധനികൻ ദരിദ്രനെ സഹായിച്ചാൽ, പരത്തിൽ പാവങ്ങൾധനികനെ സഹായിക്കും എന്നൊരു യഹൂദാ പഴമൊഴിയുണ്ട്.

"പാവങ്ങളുടെ മനസ്സുകൾ, വിധവമാരുടെ വീടുകൾ, വിശന്നു പൊരിയുന്ന കുഞ്ഞുങ്ങളുടെ വയറുകൾ ഇവയാണ് നിലനിൽക്കുന്ന കളപ്പുരകൾ" വി. അംബ്രോസ്.

ഒരു മനുഷ്യന്റെ ധനം എന്നു പറയുന്നത്, അവൻ എന്തുമാത്രം സൂക്ഷിച്ചു വച്ചു എന്നതിലല്ല എത്രമാത്രം ദാനം ചെയ്തു എന്നതിലത്രേ. ധനം അതിൽ തന്നെ ചീത്തയല്ല-പാപമല്ല. എന്നാൽ അതിൽ ഉത്തരവാദിത്തം അന്തർലീനമാണ്.

(1) അനുവാദ ധനം

a. ദൈവത്തിൽ നിന്നുള്ള ദാനം എന്നു വിചാരിക്കുന്നത്.(1 ദിന. 27:12)
b. അതിൽ ആശ്രയം വയ്ക്കാത്ത ധനം. (സങ്കീ. 62:10, 1 തിമൊ. 6:17)
c. അതിൽ അഹങ്കരിക്കാത്തധനം (ആവ. 8:17)
d. അതിൽ നിഗളിക്കാത്ത ധനം (യിരെ. 9:23)
e. കൂട്ടിവയ്ക്കാത്ത ധനം (വി. മത്തായി 6:19)
f. ദൈവവേലയ്ക്കായി നൽകുന്ന ധനം (1 ദിന. 28:6)
g. ദരിദ്രർക്കു കൊടുക്കുന്ന ധനം (വി. മത്തായി 19:21, 1 യോഹ. 3:17)
h. മറ്റുള്ളവരുടെ രക്ഷയ്ക്കായി ഉപയോഗിക്കുന്ന ധനം (വി. ലൂക്കോസ് 16:9)

(2) അന്യായ ധനം

a. അന്യായമായി സമ്പാദിച്ച ധനം
b. അതിൽ ആശ്രയം വച്ചിരിക്കുന്ന ധനം (സങ്കീ. 52:7)
c. പീഡിപ്പിച്ചു വർദ്ധിപ്പിക്കുന്ന ധനം (മീഖ 2:2)
d. ദുരുപയോഗം ചെയ്യുന്ന ധനം (യാക്കോബ് 5:1)
e. പ്രയോജനപ്പെടുത്താത്ത ധനം (സദൃ. 13:7)
f. കൂലിക്കാരുടെ കൂലി നിലവിളിക്കുന്ന ധനം (യാക്കോബ് 5:1-5)
g. ദരിദ്രരെ കരുതാത്ത ധനം.

"നിന്റെ അലമാരയിൽ ഉപയോഗിക്കാതെ കിടക്കുന്ന വസ്ത്രം നഗ്നന്റെ ഉടുപ്പാണ്. നീ സൂക്ഷിക്കുന്ന അധികം ഭക്ഷണം, വിശപ്പിന്റെ ആഹാരമാണ്. നീ സംഭരിച്ചിരിക്കുന്ന സ്വത്ത് ദരിദ്രരുടെ ഉടമസ്ഥതയാണ്.

ഉപമ നൽകുന്ന പാഠങ്ങൾ


1. ദൂരദൃഷ്ടി: നമ്മുടെ ആത്മീയ ജീവിതത്തേക്കും, മരണത്തിനു ശേഷമുള്ള നിത്യജീവിതത്തേക്കും ഒരുങ്ങണം.

2. സമ്പത്തിന്റെ ശരിയായ വിനിയോഗം: ലോകത്തിൽ കഴിയുമ്പോൾ, നമ്മുടെ സമ്പത്ത് ദരിദ്രർക്കും സഭയ്ക്കും ഉപയോഗിക്കണം.

3. വിശ്വസ്തത: ജോലിയിലും, കുടുംബത്തിലും സഭ സേവനങ്ങളിലും ചെറിയ കാര്യങ്ങളിലും വിശ്വസ്തരായിരിക്കണം.

4. ആദ്യപരിഗണന ദൈവത്തിന്. ദൈവം മാത്രമാണ് നമ്മുടെ യജമാനൻ. അവനോടുള്ള വിശ്വാസം തന്നെയാണ് നമ്മുടെ രക്ഷയുടെ അടിസ്ഥാനം.

പുസ്തക ജാലകം



കൂദാശകളുടെ രാജ്ഞിയും, ക്രിസ്തീയ ആരാധനയുടെ മകുടവുമായ വിശുദ്ധ കുർബാനയുടെ ഏറ്റവും പരിശുദ്ധവും മർമ്മപ്രധാനവും ആയി ഗണിക്കപ്പെടുന്ന ഭാഗമാണ് അനഫോറ.

മൂന്നാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയോടെ ആരാധനാ ക്രമീകരണങ്ങളുടെ ഒരുപൊതു രൂപം കൈവന്നുവെങ്കിലും ചില സ്ഥലങ്ങളിൽ ശൈലി മറ്റുള്ളവയെക്കാൾ ആധിപത്യം പുലർത്തി എന്ന് പറയാം. എപ്പിസ്കോപ്പസിയുടെ പ്രാധാന്യവും, സന്യാസിമാരുടെ സ്വാധീനവും ഇതിന് പ്രധാന കാരണങ്ങളിൽ ഒന്നാണ്. അങ്ങനെ റോം, അലക്സാന്ത്രിയ, അന്ത്യോക്യ, ജറുസലേം, എഡെസ്സ എന്നിവിടങ്ങളിലെ സഭയ്ക്ക് പ്രത്യേക ബഹുമാന പദവി ലഭിച്ചു എന്ന് കാണാം.

അഞ്ചാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ അന്ത്യോഖ്യാ സഭ അതിന്റെ വിശുദ്ധ കുർബാനയുടെ ഭാഗമായി 'നമ്മുടെ കർത്താവിന്റെ സഹോദരനും ഊർശ്ലേമിന്റെ ആദ്യ എപ്പിസ്കോപ്പായുമായ വിശുദ്ധ യാക്കോബിന്റേതായി പറയപ്പെടുന്ന അനാഫോറ' യെരുശലേമിൽ ഉപയോഗിച്ചു. സിറിയൻ ഓർത്തഡോക്സ് സഭയിലാണ് ഇന്ന് ഏറ്റവും കൂടുതൽ അനഫോറകൾ ഉപയോഗിക്കുന്നത്. ഇവയിൽ ഭൂരിഭാഗവും സെന്റ് ജെയിംസ് അനഫോറകളുടെ സ്വാധീനം ഉള്ളവയാണ്. മലങ്കരയിലെ സുറിയാനി സഭകളും വിശുദ്ധ യാക്കോബിന്റെ അനഫോറ ഉപയോഗിക്കുന്നുണ്ട്. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ തിയോളജിക്കൽ സെമിനാരി അധ്യാപകനും, പ്രശസ്ത എഴുത്തുകാരനും, വേദശാസ്ത്ര പണ്ഡിതനുമായ ഫാ. ഡോ ബേബി വർഗീസിന്റെ അക്കാഡമിക് ഗവേഷണത്തിന്റെ ഭാഗമായി 2002-ൽ മലയാളത്തിൽ പ്രസിദ്ധീകരിച്ച 'ദി അനാഫോറ ഓഫ് സെന്റ് ജെയിംസ്: ഹിസ്റ്ററി ആൻഡ് തിയോളജി' എന്ന പുസ്തകത്തിന്റെ സമഗ്രമായി പരിഷ്കരിച്ച ഇംഗ്ലീഷ് പതിപ്പാണ് ഇത്. മലങ്കരസഭയുടെ പൗരോഹിത്യ ഗവേഷണ രംഗത്ത് മികവുറ്റ സ്വാധീനം പുലർത്തുവാൻ ഈ ഗ്രന്ഥത്തിന് സാധിക്കും എന്ന ഉദ്ദേശത്തോടെയാണ് സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗമായ എം.ഒ.സി. പബ്ലിക്കേഷൻസ് ഇത് പുനഃപ്രസിദ്ധീകരിക്കുന്നത്.

എം.ഒ.സി. യുടെ എല്ലാ ഔട്ട്ലെകളിലും പുസ്തകം ലഭ്യമാണ്.

വില: 250.00 രൂപ

- എബി മാത്യു, കൊഴുവല്ലൂർ

Church Calendar

Faithful Stewards of God's Gifts

Third Sunday after the Holy Cross
(St. Luke 16:1–13)



Fr Aaron Joshua John

The Gospel reading from Luke 16:1–13 presents one of Christ's most striking parables; the story of the steward accused of wasting his master's goods. Faced with dismissal, the steward acts shrewdly, he reduces the debts of his master's clients, securing their favour so that when he is put out of his stewardship, they will receive him. At first glance, this seems troubling. Why would Christ commend a man for dishonest dealings? But our Lord is not praising dishonesty. Instead, He is contrasting the urgent foresight of the "children of this world" with the lack of seriousness often found among the "children of light." The steward recognized that his time was short and acted decisively. Likewise, our time in this life is short, and Christ calls us to prepare with even greater diligence, not for earthly survival, but for eternal life. The parable, therefore, speaks about stewardship, accountability, mercy, and undivided loyalty to God.

1. Stewardship and Accountability before God

The first lesson from this parable is that we are all stewards of God's gifts, not owners. Life itself is entrusted to us, and one day we must render an account. The steward was called to face his master, and so shall we stand before God. As St. John Chrysostom says, "We are not masters of our possessions, but stewards of what belongs to God." This truth is woven throughout the Scriptures. In Genesis 42:18–21, Joseph's brothers are struck by the weight of their guilt and recognize that God is holding them accountable for what they did to Joseph. Their story reminds us that nothing is hidden from God's judgment. Proverbs 1:2–9 further deepens this theme, teaching that wisdom is the fear of the Lord and the right ordering of life, using God's gifts for justice and righteousness rather than selfishness.

The Holy Qurbana itself makes this reality tangible. When we bring bread and wine to the altar, we confess that even these gifts are not ours, "Thine of Thine we offer unto Thee." Every Eucharist is an act of stewardship, a reminder that what we receive from God we return to Him in thanksgiving. This means that our money, our time, our relationships, and even our very breath are not possessions to hoard, but gifts entrusted for God's glory. When Christ calls us to account, will we be found as those who wasted what was given, or as those who multiplied His blessings in love and service? Accountability is not meant to terrify us but to awaken us, so that like the steward, we live with urgency, except that our urgency is not for worldly gain, but for the Kingdom.

2. Mercy and Loyalty to God Alone

The second lesson is that true stewardship is measured by mercy, and mercy flows from undivided loyalty to God. In Matthew 18:23–35, Christ tells of a servant forgiven an enormous debt who refuses to forgive a fellow servant a small one. The king condemns him, saying, "Should you not also have had mercy on your fellow servant, as I had mercy on you?" This parable exposes the heart of stewardship, God entrusts us with mercy so that we may extend it to others. As St. Isaac the Syrian beautifully says, "Let mercy triumph over justice, for this is the likeness of God." To forgive, to be generous, to release others from their debts, these are the treasures we store in heaven.

Yet Christ warns us with sharp clarity, "You cannot serve God and mammon." There can be no divided loyalty. St. Basil the Great explains, "The bread you keep belongs to the hungry; the cloak you hide belongs to the naked." To cling to wealth as if it were ours is to become a slave of mammon; to use it for others is to serve God. Here, Romans 8:9–17 brings the point home, we are not slaves to the flesh but children of God, heirs with Christ of an eternal inheritance. Our loyalty must be absolute, for the Spirit of God dwells in us, shaping us for life eternal. This undivided loyalty is enacted in the Holy Qurbana. Before offering the gifts, the Church places before us the kiss of peace, teaching us to reconcile with one another. How can we offer to God what is His if we withhold mercy from our neighbour? At the altar, mammon is dethroned, and Christ is enthroned. The bread and wine, fruits of the earth and labour of human hands, are offered and transformed into the Body and Blood of Christ, the true food of eternal life. Here, God teaches us what true stewardship is, not grasping, but giving; not serving ourselves, but serving God; not clinging to mammon, but communing with Christ.

Beloved in Christ, today's Gospel is not a call to dishonesty but to urgency, wisdom, and faithfulness. The steward reminds us that we will all one day give an account of our stewardship. The Scriptures call us to use God's gifts wisely, to live mercifully, and to serve Him with undivided loyalty. Every Eucharist makes this teaching real, we offer back to God what He has given, we reconcile with one another in mercy, and we receive the eternal treasure of Christ Himself. Let us, then, live as faithful stewards, merciful in heart, wise in action, and loyal only to God, so that when our Master calls us, we may be received not as unfaithful servants, but as beloved children and heirs of His eternal Kingdom. May the Lord grant us grace to prepare with urgency, to live with mercy, and to serve Him alone, now and forever.

അടൂർ കൈതവന പുത്തൻ വീട്ടിൽ ജോസഫ് കെ. മാത്യുവിന്റെയും സാറാമ്മ ജോസഫിന്റെയും മകളും മാവേലിക്കര പാലത്തുംപാട്ടു വീട്ടിൽ ഷിബു വിന്റെ ഭാര്യയുമായ ഡോ. മിന്നു ഷിബു ഡോക്ടറേറ്റ് കരസ്ഥമാക്കി. USA യിലെ Virginia Common wealth University (VCU) യിൽ നിന്നുമാണ് ഡോക്ടറേറ്റ് നേടിയത്. അടൂർ കരുവാറ്റ സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവക അംഗമാണ്.



മറുപുറം

ക്ഷീണിതന്റെ സുവിശേഷം...

ഫാ. അജീഷ് ബാബു

നിരാശകളിൽ മനുഷ്യനെ മൂടുന്ന ഒരു വലിയ ധൈര്യമുണ്ട്. ഒറ്റപ്പെടലിൽ ആരെയും വിശ്വസിച്ചു പോകാറുമുണ്ട്. രാത്രിയിൽ പുറത്തിറങ്ങാൻ പേടിക്കുന്നവർ ആരെയും കൂടാതെ ദീർഘദൂരം ഒറ്റയ്ക്ക് സഞ്ചരിച്ചു പോകുന്നുണ്ടെങ്കിൽ അവരിൽ ലോകത്ത് മറ്റാർക്കും ലഭിച്ചിട്ടില്ലാത്ത മാനസിക കരുത്ത് അവരിൽ ഉണ്ടായതുകൊണ്ടാണ്. സൂര്യൻ തലയുടെ മുകളിൽ നിൽക്കുന്ന സമയം ആരെയും ഭയപ്പെടാതെ അവൾ കിണറിന്റെ അരികിൽ വെള്ളം കോരുവാനെത്തിയപ്പോൾ സ്വയം അവൾ ആർജിച്ചുവരിച്ചിരിക്കുന്ന കരുത്ത് ചെറുതല്ല എന്ന് ഗുരുവിന് അറിയാമായിരുന്നു. അവളോടാണ് ഗുരു ദാഹജലം ചോദിക്കുന്നത്. ആറാം മണിക്ക് ദാഹിക്കുന്ന ക്രിസ്തുവും വെള്ളം കോരുവാനായി വരുന്ന ദേശത്തിന്റെ പേരിൽ അറിയപ്പെടുന്ന സ്ത്രീയും (ശമര്യ സ്ത്രീ).

ജീവൻ ഒഴുകുന്ന ഉറവ

ദാഹിക്കുന്നവന് അല്പം ജലം സുവിശേഷമാണ്. ക്രിസ്തുവിന്റെ ക്ഷീണം, മുന്നോട്ടു നടക്കുവാൻ കഴിയാത്തവണ്ണം. ദൈവത്തിനു ക്ഷീണം ഉണ്ടാകുമോ? മുന്നോട്ടു നടക്കാൻ കഴിയാത്ത രീതിയിൽ. അതെ, ദൈവത്തിന്റെ വാഗ്ദത്ത ഭൂമിയുടെ ഭാഗമായ ശമര്യയിലെ ഉറവക്കു മുന്നിൽ ക്രിസ്തു ക്ഷീണിതനാണ്. ആരെയോ പ്രതീക്ഷിച്ചിരിക്കുന്നതിന് മുൻനിർത്തിയാണ് ക്രിസ്തുവിന്റെ ക്ഷീണം.

യാക്കോബിന്റെ ഉറവയ്ക്കു മുമ്പിൽ തന്റെ ക്ഷീണമകറ്റുവാൻ ഒരുപക്ഷേ ശിഷ്യന്മാരോട് പറയാവുന്നതേയുള്ളൂ യാക്കോബിന്റെ ഉറവയിൽ നിന്ന് തനിക്ക് അല്പം ജലം കോരിത്തരുവാൻ. ഒരുകൂട്ടം ശിഷ്യന്മാർ ഉണ്ടായിരുന്നിട്ടും ക്രിസ്തു അവളെ പ്രതീക്ഷിച്ചു ക്ഷീണിച്ച് ഇരിക്കുന്നു. കാത്തിരിപ്പ് വഴി തന്റെ ദാഹം അകറ്റുന്നതിൽ, കുടിക്കാൻ വെള്ളം വാങ്ങുന്നതിൽ പോലും കൂടെയുള്ളവർക്ക് പരിചയമില്ലാത്ത ഭൂമിയിൽ ഒരു രഹസ്യത്തിന്റെ മറ തുറന്നിടുകയാണ്. ഈ വഴിയുള്ള യാത്ര പലപ്പോഴായും ആ സംഘം നടത്തിയിട്ടുണ്ടാവാം പക്ഷേ ശമര്യയാത്രയിൽ യാക്കോബിന്റെ ഉറവ ഭൂമിക്ക് നേരെ, മനുഷ്യനു നേരെ, ജന്തുജാലങ്ങൾക്ക് നേരെ താൻ ദൈവത്തിന്റെ ഉറവയാണെന്ന് സാക്ഷ്യം പറയുന്ന സമയമാണ്.

ശമര്യ ദൈവം വാഗ്ദാനം ചെയ്ത കനാൻ ദേശത്തിന്റെ ഭാഗമായിരുന്നു. യോശുവയുടെ കാലത്താണ് ഗോത്രാടിസ്ഥാനത്തിലുള്ള വിഭജനം നടക്കുന്നത്. രണ്ടാം ദേവാലയത്തിന്റെ കാലത്ത് ജെറുസലേമിന് പുറത്തെ പ്രദേശങ്ങൾ പ്രാധാന്യം നഷ്ടപ്പെട്ട സ്ഥലങ്ങളായി മാറി. അങ്ങനെ ശമര്യയും

ശമര്യയിലെ ജനങ്ങളും തമസ്കരിക്കപ്പെട്ടു

അധികാരമില്ലാത്ത മനുഷ്യർ താമസിക്കുന്ന ഭൂമിക്ക് അങ്ങനെയൊരു പ്രശ്നമുണ്ട്. ശമര്യദൈവത്തിന്റെ വാഗ്ദത്തഭൂമിയാണ് എന്ന ബോധ്യം മറന്നിരുന്നു. അതിനാൽ യെഹൂദന്മാർക്കും ശമര്യക്കാർക്കും തമ്മിൽ സമ്പർക്കമില്ല. ശമര്യ ഭൂമിയിൽ എന്തിനാണ് യാക്കോബിന്റെ ഉറവ, കാരണം ചരിത്രത്തിൽ എല്ലായിടത്തും ഇസ്രായേൽ തങ്ങളുടെ വംശീയത പ്രഖ്യാപിക്കുമ്പോൾ തങ്ങൾ ഒരു സങ്കര സമൂഹമാണെന്ന് പറയാറില്ല. അതുകൊണ്ടുതന്നെ ദൈവം തിരഞ്ഞെടുക്കപ്പെട്ട യാക്കോബിന്റെ ഉറവയെ ശമര്യ ഭൂമിയിൽ പരിചയപ്പെടുത്തുന്നതിൽ അവർ അസംതൃപ്തരുമാണ്. യേശുവിന്റെ കാലത്ത് ജൂതന്മാർ ഒരുപക്ഷേ യാക്കോബിന്റെ ഉറവയെ സമീപിക്കാൻ സാധ്യതയില്ല, ഒരു ജൂതനും ഒരിറ്റു വെള്ളം ദൈവത്തിന്റെ ഉറവയിൽ നിന്ന് കുടിച്ചിട്ടുമില്ല. ശമര്യ ഭൂമിയിൽ കൂടി യാത്ര ചെയ്യുന്നതുപോലും ഇഷ്ടമില്ലാത്തവർ എങ്ങനെയാണ് ആരുവിയിൽ നിന്ന് ദാഹം അകറ്റുന്നത്.

ദാഹവും വിശപ്പും കണ്ടുമുട്ടുന്നു

വിശപ്പും ദാഹവും തമ്മിൽ കണ്ടുമുട്ടിയ സമയമാണ് ആ ഉച്ചസമയം (ആറാം മണി).

സാമൂഹ്യ, മത അസംതൃപ്തിയുടെ പേരിൽ വിശപ്പനുഭവിക്കുന്നവരുടെ പ്രതിനിധിയാണ് അവൾ. വെള്ളത്തിനു വേണ്ടി ക്ഷീണത്തോടെ ദാഹിക്കുന്ന



ഒരു വംശീയവും ലിംഗപരവുമായ എല്ലാ വേർതിരിവുകളെയും ഇല്ലാതാക്കാനുള്ള ദാഹത്തിലാണ് ക്രിസ്തു. അസംതൃപ്തികളുടെ ലോകത്തിൽ ഗുരു പറയുന്ന പുതിയ പരിഗണനകൾ തന്റെ സംഘം അത്ഭുതത്തോടെയാണ് കാണുന്നത്. മനുഷ്യനിൽ ഉണ്ടാകുന്ന സൗഖ്യവും രൂപാന്തരീകരണവും ഒരുഭാഗത്ത് തന്റെ സംഘം അനുഭവിച്ചറിയുമ്പോൾ അതിനേക്കാൾ അപ്പുറം ഭൂമിയിൽ തങ്ങളുടെ കാലത്ത് തങ്ങളുടെ ചിന്താമണ്ഡലങ്ങൾക്കപ്പുറത്തേക്ക് പലതിനെയും പരിഗണിക്കുന്നത് ദൈവത്തിന്റെ നീരുറവയെ പരിചയപ്പെടുത്തുന്നത് പോലെയാണ്. ക്ഷീണിതനായ ക്രിസ്തു ഒരു പുതിയ ലോകത്തെ അവൾക്ക് പരിചയപ്പെടുത്തുന്നു.

അവളുടെ മതവിശ്വാസത്തിന്റെ ആഴത്തെ ക്രിസ്തു പൊളിച്ചു പണിഞ്ഞിട്ട് അവളോട് പറയുന്നു 'ഈ മലയിലും യെരുശലേമിലും' ഖീവി 4:21 അല്ല എന്നുള്ള നാഴിക വരുന്നു. യെരുശലേമിന്റെ മതാധിപത്യ രാഷ്ട്രീയത്തെ യേശു പരിഹസിക്കുകയാണ്.

ക്ഷീണിച്ച ഗുരുവിന്റെ സുവിശേഷം അവളുടെ ദാഹത്തെ പൂർണ്ണമായി പരിഹരിക്കുന്നതാണ്. ഭൂകേന്ദ്രീകൃത രാഷ്ട്രീയത്തെ ചെറുത് തോൽപ്പിക്കുന്ന ക്രിസ്തുവിനെ കണ്ടിട്ട് അവൾ പറയുന്നു 'മിശിഹാ എന്നുവച്ചാൽ ക്രിസ്തു വരുന്നു.' ദാഹിച്ചവൾക്ക് ക്രിസ്തു നീരുറവയാകുന്നു...

ഭാരമൊഴിഞ്ഞ മേഘം കാറ്റിൻ ചിറകിലേറി അതിർത്തികൾ ഭേദിച്ചു മുൻപോട്ടുഗമിച്ചു (അധിനിവേശം' കവിത, ഫാ. ഡോ. പി. എസ്. വർഗീസ്)

അവിശ്വസനീയം...

കാബൂളിൽ നിന്നും ഡൽഹിയിലേക്കുള്ള വിമാനത്തിന്റെ ലാൻഡിംഗ് ഗിയറിനുള്ളിൽ രഹസ്യമായി ഒളിച്ച ശേഷം 13 വയസ്സുള്ള ഒരു അഫ്ഗാൻ ആൺകുട്ടി ഡൽഹി വിമാനത്താവളത്തിൽ എത്തി. എന്തുകൊണ്ടാണ് ഇങ്ങനെ അതിസാഹസികതകൾ, കാരണം ഒന്നേയുള്ളൂ കുഞ്ഞിന് അത്ര തിട്ടമില്ല ദേശീയമായ വേർതിരിവുകൾ. ഭാരമില്ലാത്ത മേഘം പോലെ അവൻ അതിർത്തി കടന്നെത്തി.

ഭാരമൊഴിഞ്ഞവർക്ക് അതിർത്തികളില്ല, ഭാരമൊഴിഞ്ഞ യാത്രയായിരുന്നു ക്രിസ്തുവിന്റെ ഈ ശമര്യവഴിയുള്ള യാത്ര.

അതിർത്തികളില്ലാത്ത ക്രിസ്തുവിന്റെ യാത്രകൾക്ക് എപ്പോഴും പ്രത്യേകതയുണ്ട് അത് വംശീയതകളെ ചെറുത്തുതോൽപ്പിച്ചുകൊണ്ട് ജൂത വർഗീയതയ്ക്കെതിരെ പോരാടുന്നതായിരുന്നു. ശമര്യയിൽ ക്ഷീണിതനായി ഇരുന്നതും അവൾക്ക് സുവിശേഷത്തിന്റെ നീരുറവ കാട്ടിയതും അതിർത്തികളില്ല, ആ ഭാരമൊഴിഞ്ഞ യാത്രയിലായിരുന്നു. ❑



സുൽത്താൻ ബത്തേരി ഭദ്രാസന മർത്തമറിയം വനിതാ സമാജം ബത്തേരി ഡിസ്ട്രിക്റ്റ് മീറ്റിംഗ് ചീരാലിൽ മാർ ബഹനാൻ ഓർത്തഡോക്സ് പള്ളിയിൽ നടത്തപ്പെട്ടു. ഡോ. ഗീവർഗീസ് മാർ ബർന്നബാസ് ഉദ്ഘാടനം ചെയ്തു. ഫാ ഷിബു ജോൺ മുഖ്യ സന്ദേശം നൽകി.



കോട്ടയം ജലോത്സവത്തിൽ ലഹരി വിരുദ്ധ സന്ദേശവുമായി ഡ്രക്സിറ്റ് വഞ്ചി. ലഹരി വിരുദ്ധ സന്ദേശമുയർത്തി ബസേലിയസ് കോളജ് എൻ.എസ്.എസ് വോളണ്ടിയർമാർ, സഭയുടെ വിപാസന വൈകാരിക കേന്ദ്രം പ്രവർത്തകർ, താഴത്തങ്ങാടി മാർ ബേസിൽ യുവജനപ്രസ്ഥാനം എന്നിവരുടെ നേതൃത്വത്തിൽ ഫ്ലാഷ്മൊബ് ഉൾപ്പെടെ വിവിധ കലാരൂപങ്ങൾ അവതരിപ്പിച്ചു. മലങ്കരസഭയുടെ മാനവശാക്തീകരണ വിഭാഗത്തിന്റെ നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിച്ചത്.

ജോൺസൺ കീപ്പള്ളിലിന് മഹാത്മാഗാന്ധി ദേശസേവാ പുരസ്കാരം



ന്യൂഡൽഹി ആസ്ഥാനമായി ദേശീയ തലത്തിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ. ആയ വെയിൽ ഫൗണ്ടേഷന്റെ മഹാത്മ ഗാന്ധി ദേശ് സേവ പുരസ്ക്കാരത്തിന് ജോൺസൺ കീപ്പള്ളിൽ അർഹനായി. ഇന്ത്യയിലും വിദേശത്തും വിദ്യാഭ്യാസ മേഖലയിലെ വൈവിധ്യങ്ങളായ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയാണ് അവാർഡ്.

ക്യാഷ് അവാർഡും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്ന അവാർഡ് ഒക്ടോബർ 5-നു ന്യൂഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ സമ്മാനിക്കും.

കൈപ്പട്ടൂർ സെന്റ് ജോർജ്ജസ് മൗണ്ട് ഹൈസ്ക്കൂൾ, ടി. എം. വർഗീസ് മെമ്മോറിയൽ ഹൈസ്ക്കൂൾ വെട്ടിയാർ എന്നീ എയ്ഡഡ് സ്കൂളുകളുടെ മാനേജരും സെന്റ് ഗ്രിഗോറിയോസ് വിദ്യാനികേതൻ മാവേലിക്കര, സെന്റ് ജോർജ് പബ്ലിക്ക് സ്കൂൾ കൈപ്പട്ടൂർ, സൗദി-അറേബ്യയിലെ അൽക്കോബാറിൽ പ്രവർത്തിക്കുന്ന എവർഷൈൻ ഇന്റർനാഷണൽ സ്കൂളിന്റെയും ചെയർമാനാണ്.



പ്രഭാഷകർ സാമൂഹിക പ്രതിബദ്ധത വളർത്തണം

കോട്ടയം: ദൈവവചനം വ്യാഖ്യാനിക്കുന്നവർ സാമൂഹിക പ്രതിബദ്ധത വളർത്തണമെന്ന് മലങ്കര ഓർത്തഡോക്സ് സഭയുടെ പ. സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത പറഞ്ഞു. വചന പ്രബോധനം ദൈവീക നിയോഗവും സാന്ത്വന ശുശ്രൂഷയുമായി തീരണം. വിശ്വാസികളെ ആരാധനയിലേക്ക് നയിക്കുവാൻ കഴിയണമെന്നും അദ്ദേഹം പറഞ്ഞു.

ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ നടന്ന ഡോ. അലക്സാണ്ടർ കാരയ്ക്കൽ സ്മാരക വനിത പ്രസംഗ ശില്പശാല ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഓർത്തഡോക്സ് സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ അധ്യക്ഷത വഹിച്ചു. സെമിനാരി ബർസാർ ഫാ. ഡോ. നൈനാൻ കെ. ജോർജ്ജ്, ഫാ. സിജു വർഗീസ് കോശി എന്നിവർ പ്രസംഗിച്ചു.

ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്ത, വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വറുഗീസ് അമയിൽ, പ്രൊഫ. മേരി മാത്യു, ജോർജ്ജി ഉമ്മൻ എന്നിവർ ക്ലാസ്സെടുത്തു



ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ നടന്ന ഡോ. അലക്സാണ്ടർ കാരയ്ക്കൽ സ്മാരക വനിത പ്രസംഗ ശില്പശാലയിൽ പങ്കെടുത്തവർ ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസിനോടൊപ്പം.



കോട്ടയം പഴയസെമിനാരിയിൽ നടന്ന ദിവ്യബോധനം പോസ്റ്റ് ഗ്രാജേഷൻ (പുതിയ നിയമം) സെമിനാറിൽ പങ്കെടുത്തവർ ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്തായോടൊപ്പം.



മാർ ഗ്രീഗോറിയോസ് കാരുണ്യനിലയത്തിന്റെ നേതൃത്വത്തിൽ കോട്ടയം മെഡിക്കൽ കോളജിൽ ആശുപത്രി ഉപകരണങ്ങൾ വിതരണം ചെയ്തു. മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. വർഗീസ് പുന്നൂസിന് കാരുണ്യ നിലയം ട്രഷറാർ ഫാ. സി ജോൺ കോർഎപ്പിസ്കോപ്പാ രണ്ടു ലക്ഷം രൂപയുടെ ഉപകരണങ്ങൾ കൈമാറി. മെഡിക്കൽ കോളജ് RMO ഡോ. സാം, സർജറി വിഭാഗം HOD ഡോ. ബിന്നി, കാരുണ്യനിലയം ഭാരവാഹികളായ ഫാ. ബിറ്റു കെ മാണി, ഫാ. ഫിലിപ്പ് തോമസ്, വർഗീസ് റ്റി. എബ്രഹാം എന്നിവർ സന്നിഹിതരായിരുന്നു.



സെന്റ് ഡയനീഷ്യസ് ഓർത്തഡോക്ൾസ് ഫെലോഷിപ്പ് (SDOF) ഇടുക്കി ഭദ്രാസന പ്രഥമ നേതൃയോഗം ചക്കുപള്ളം ഗത്സീമോൻ അരമനയിൽ ഇടവക മെത്രാപ്പോലീത്ത സഖറിയ മാർ സേവേറിയോസ് ഉദ്ഘാടനം ചെയ്തു.



സുൽത്താൻ ബത്തേരി ഭദ്രാസനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന കാരുണ്യ സ്പർശം ചാരിറ്റബിൾ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ പുഞ്ചിരിമുറ്റം 2025 സൗഹൃദ സംഗമം സംഘടിപ്പിച്ചു. മേപ്പാടി മൌണ്ട് താബോർ സ്കൂൾ അങ്കണത്തിൽ ക്രമീകരിച്ച സംഗമം അഡ്വ. ടി സിദ്ദിഖ് എം.എൽ.എ. ഉത്ഘാടനം ചെയ്തു. ട്രസ്റ്റ് സ്ഥാപകനും മാനേജിങ് ട്രസ്റ്റിയുമായ ഡോ. ഗീവർഗീസ് മാർ ബാർന്നബാസ് അധ്യക്ഷം വഹിച്ചു. വയനാട് ചിന്മയ മിഷൻ ആചാര്യ സ്വാമി അഭയാനന്ദ അനുഗ്രപ്രഭാഷണം നടത്തി. ചൂരൽമല ദുരന്തത്തെ തുടർന്ന് കേരളത്തിലെ ഐ.ടി. സംരംഭകരുടെ കൂട്ടായ്മയായ ജി ടെക്കുമായി സഹകരിച്ചു നടപ്പിലാക്കിയ പുനരധിവാസ പദ്ധതിയുടെ ഗുണഭോക്താക്കളായ നൂറോളം കുടുംബങ്ങളും കമ്പനി പ്രതിനിധികളായ 17 പേരും പങ്കെടുത്തു.

പരിസ്ഥിതി പുരസ്ക്കാരം



സംസ്ഥാന മലീനികരണ നിയന്ത്രണ ബോർഡിന്റെ സുവർണ്ണ ജൂബിലി പുരസ്ക്കാരങ്ങളിൽ പരിസ്ഥിതി സംരക്ഷണത്തിൽ മികവ് പുലർത്തിയ ചെറുകിട വ്യവസായ യൂണിറ്റുകളുടെ വിഭാഗത്തിൽ മാവേലിക്കര കൊച്ചാലുമൂട് ഇൻഡസ്ട്രിയൽ പാർക്കിൽ പ്രവർത്തിക്കുന്ന കായംകുളം കാദീശാ കത്തീഡ്രൽ അംഗങ്ങളായ കിളിയിലേത്ത് അഡ്വ. നെബു ചെറിയാന്റെയും ലിസ നെബുവിന്റെയും ഉടമസ്ഥതയിലുള്ള അന്നാ പോളിമേഴ്സ് ഒന്നാം സ്ഥാനം നേടി. പ്ലാസ്റ്റിക് മലിനീകരണത്തിൽ നിന്നും മുക്തി നേടുന്നതിനുള്ള ഉത്പന്നം കണ്ടെത്തിയതിനാണ് പുരസ്കാരം ലഭിച്ചത്. മാരകമായ ആരോഗ്യ പ്രശ്നങ്ങളും പരിസ്ഥിതി നാശവും സൃഷ്ടിക്കുന്ന പ്ലാസ്റ്റിക്ക് ഉത്പന്നങ്ങൾ പൂർണ്ണമായും ഒഴിവാക്കി പകരം ഉപയോഗിക്കാവുന്ന ബയോഡീഗ്രേഡിബൾ ഉത്പന്നമാണ് അന്നാ പോളിമേഴ്സ് വികസിപ്പിച്ചെടുത്തത്. അങ്കമാലി അഡ്ലസ് കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയനിൽ നിന്നും അഡ്വ. നെബു ചെറിയാൻ മലീനകരണ നിയന്ത്രണ ബോർഡിന്റെ അവാർഡ് ഏറ്റുവാങ്ങി.